VOL NO: 10 I ISSUE 20

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 MAY 16 I ₹10



## മരണത്തോടെ അവസാനിക്കുമെങ്കിൽ, നാം എന്തിന് ഇവിടെ...?

മനുഷ്യനെ സംബന്ധിച്ചിടത്തോളം നൂറ് ശതമാനം ഉറപ്പുള്ള സത്യമാണ് മരണം. എന്നാൽ ബോധപൂർവമോ അബോധമായോ മനുഷ്യൻ ഏറ്റവും കൂടുതൽ അവഗണിക്കുന്ന സത്യവും മരണം തന്നെ! എന്താണ് മരണം? മരണം എല്ലാത്തിന്റെയും അവസാനമാണോ; അതോ പുതിയൊരു ജീവിതത്തിന്റെ തുടക്കമോ? മരണത്തോടെ ജീവിതം അവസാനിക്കുമെങ്കിൽ സൽകർമങ്ങൾക്ക് എന്തു പ്രസക്തി? ഇതിന് കൃത്യമായി മറുപടി നൽകാൻ ജീവൻ നൽകിയ, മരണം സൃഷ്ടിച്ച സ്രഷ്ടാവിന് മാത്രമെ കഴിയൂ.

വിശ്വാസത്തിലെ ഉറപ്പും സ്രഷ്ടാവിനെ തിരിച്ചറിയുന്നതിലെ യുക്തിയും

അബൂബക്കർ റാസി: വൈദ്യശാസ്ത്രത്തിലെ ഇതിഹാസം

ഹൈപ്പർടെൻഷൻ: ഒരു നിശ്ശബ്ദ ഘാതകൻ

റൈഹാൻ ഷഹീദ് • ഡോ.മറിയാമു • ഇഅ്ജാസ് ബിൻ ഇസ്മാഈൽ




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

486
# നേർപഥം വാരിക
2026 മെയ് 16
1447 ദുൽഖഅദ് 27
പുസ്തകം 10 / ലക്കം 20

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

മനുഷ്യനെ സംബന്ധിച്ചിടത്തോളം നൂറ് ശതമാനം ഉറപ്പുള്ള സത്യമാണ് മരണം. എന്നാൽ ബോധപൂർവമോ അബോധമായോ മനുഷ്യൻ ഏറ്റവും കൂടുതൽ അവഗണിക്കുന്ന സത്യവും മരണം തന്നെ! എന്താണ് മരണം? മരണം എല്ലാത്തിന്റെയും അവസാനമാണോ; അതോ പുതിയൊരു ജീവിതത്തിന്റെ തുടക്കമോ? മരണത്തോടെ ജീവിതം അവസാനിക്കുമെങ്കിൽ സൽകർമങ്ങൾക്ക് എന്തു പ്രസക്തി? ഇതിന് കൃത്യമായി മറുപടി നൽകാൻ ജീവൻ നൽകിയ, മരണം സൃഷ്ടിച്ച സ്രഷ്ടാവിന് മാത്രമെ കഴിയൂ.

**05**
മുഖമൊഴി
മുൻവിധിയരുത്

**06**
ലേഖനം
മരണാനന്തര ജീവിതം;
സത്യമാണെന്നതിന് ചില തെളിവുകൾ
മെഹബൂബ് മദനി ഒറ്റപ്പാലം

**17**
വനിതാപഥം
ഒരു ഭാര്യയുടെ സങ്കടങ്ങൾ
വി.വി. ബഷീർ വടകര

**18**
ലേഖനം
വിശ്വാസത്തിലെ ഉറപ്പും സ്രഷ്ടാവിനെ
തിരിച്ചറിയുന്നതിലെ യുക്തിയും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ,മസ്കത്ത്

**21**
ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശൂഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**23**
ലേഖനം
അബൂബക്കർ റാസി:
വൈദ്യ ശാസ്ത്രത്തിലെ ഇതിഹാസം
ഡോ. ടി. കെ. യൂസുഫ്

**26**
ആരോഗ്യപഥം
ഹൈപ്പർടെൻഷൻ:
ഒരു നിശ്ശബ്ദ ഘാതകൻ
ഡോ.മറിയാമു

**28**
ലേഖനം
മനുഷ്യകർമങ്ങളും
അവയ്ക്കുള്ള പ്രതിഫലവും
ശമീർ മദീനി

**31**
ലേഖനം
ആരാണ് നിങ്ങളുടെ സുഹൃത്തുക്കൾ?
മുഹമ്മദ് സിയാദ് ജുബൈൽ

**34**
ബാലപഥം
സത്യസന്ധനായ കച്ചവടക്കാരൻ
ആലിയ ബിൻത് ലത്തീഫ് വടുതല

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# മംഗലാപുരം സലഫി കോൺഫറൻസ് പ്രൗഢമായി

മംഗലാപുരം: മംഗലാപുരം തലപ്പാടിയിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും കർണാടക സലഫി അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടന്ന സലഫി കോൺഫറൻസ് പ്രൗഢമായി. കേരളത്തിലെ വിവിധ നഗര-ഗ്രാമാന്തരങ്ങളിൽ നടന്നുവരുന്ന ആദർശപ്രയാണ സമ്മേളനങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന ഉറച്ച ശബ്ദങ്ങൾ, അതിർത്തികളും ദേശങ്ങളും ഭാഷകളും ഭേദിച്ച് കേരളക്കരക്കപ്പുറവും ജനഹൃദയങ്ങളിൽ പ്രതിധ്വനിക്കുകയാണ്.

ഏതൊരു മനുഷ്യന്റെയും നിർഭയത്വത്തിന്റെയും വിമോചനത്തിന്റെയും ആധാരം കറകളഞ്ഞ ഏകദൈവവിശ്വാസമാണ്. ലോകത്താകമാനം വന്ന പ്രവാചകന്മാരും അവരുടെ പിൻഗാമികളും പ്രപഞ്ച സ്രഷ്ടാവിന്റെ ഈ സത്യമതത്തെ എങ്ങനെ പഠിച്ച് മനസ്സിലാക്കി പ്രാവർത്തികമാക്കിയോ, അതേ പാത പിന്തുടരുമ്പോഴാണ് ഈ വിശ്വാസം വിജയത്തിന് നിദാനമാകുന്നത്. മലയാളത്തിന് പുറമെ ബ്യാരിയിലും ഉറുദുവിലുമുള്ള പ്രഭാഷണങ്ങളിലൂടെ ഈ സന്ദേശം ഫലപ്രദമായി എത്തിക്കാനായി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി എൻ അബ്ദുല്ലത്തീഫ് മദനി സമ്മേളനം ഉദ്ഘാടനം ചെയ്തു. യു.എ.ഇ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിഡന്റും പ്രഭാഷകനുമായ ഹുസൈൻ സലഫി ഷാർജ മുഖ്യ പ്രഭാഷണം നിർവഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി സി പി സലീം, കർണാടക സലഫി അസോസിയേഷൻ പ്രസിഡന്റ് ഡോ. ഹഫീസ് സ്വലാഹി, ജനറൽ സെക്രട്ടറി യാസിർ അൽഹികമി, സർഫറാസ് ഫൈസി, ഇജാസ് സ്വലാഹി, നസീർ സലഫി, അബ്ദുല്ല ഫർഹാൻ എന്നിവർ സംസാരിച്ചു. മംഗലാപുരത്തെ പ്രധാനപ്പെട്ട മതവിജ്ഞാന കേന്ദ്രമായ അൽബയാൻ അറബിക് കോളേജിന്റെ പുതിയ ക്യാമ്പസിന്റെ നിർമാണ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും പി എൻ അബ്ദുല്ലത്തീഫ് മദനി നിർവഹിച്ചു. ■

# ഉള്ളാൾ ദർഗക്ക് സമീപം തൗഹീദിന്റെ ശബ്ദമുയർത്തിയ മുഖാമുഖം

മംഗലാപുരം: മുഖാമുഖം പ്രഖ്യാപിച്ചതു മുതൽ അവസാന നിമിഷം വരെ തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചവരുടെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തി ഉള്ളാൾ ദർഗക്ക് സമീപം നടന്ന മുഖാമുഖം പുതിയ ചരിത്രമായി. സമസ്തക്കാരായ നിരവധിയാളുകൾ പരിപാടി കേൾക്കാനും ചോദ്യങ്ങൾ ഉന്നയിക്കാനും എത്തിയിരുന്നു.

നിയമപാലകരുമായി നിരന്തരം ബന്ധപ്പെട്ട് പ്രസ്തുത പരിപാടി എങ്ങനെയെങ്കിലും നടത്താതിരിക്കാൻ ആദർശവിരോധികൾ നടത്തിയ മുഴുവൻ പരിശ്രമവും വിഫലമായി. പ്രൗഢമായ മൂന്ന് വിഷയാവ തരണങ്ങൾക്ക് ശേഷം ദീർഘസമയം ചോദ്യോത്തരങ്ങ നടന്നു. ക്വബ്ർ സിയാറത്ത് എങ്ങനെയാണ് ക്വബ്റാരാധനയിലേക്ക് വഴിമാറുന്നത് എന്ന് വ്യക്തമായി വിശദീകരിക്കപ്പെട്ടു.

'എന്റെ ക്വബ്റിനെ ആരാധനാകേന്ദ്രമാക്കരുത്' എന്ന, നബി(സ്വ)യുടെ കൽപനയുടെ വിവക്ഷ എന്താണ് എന്നതും ചർച്ചക്ക് വന്നു. മരിച്ചവർ എല്ലാം കേൾക്കും എന്ന് വാദിച്ച് വന്ന മുസ്‌ല്യാർക്ക് പക്ഷേ, അതിന് തെളിവ് നിരത്താൻ കഴിഞ്ഞില്ല. മരിച്ചവർ കേൾക്കുകയില്ല എന്നതാണ് അടിസ്ഥാന വിധി എന്നും എന്നാൽ അല്ലാഹു കേൾപിച്ചു/കേൾപിക്കും എന്നതിൽ പ്രമാണം വന്നതിനെ നാം സ്വീകരിക്കും എന്നതും വിശദീകരിക്കപ്പെട്ടു. ബദ്ർ ദിനത്തിൽ കിണറ്റിലെറിയപ്പെട്ട മുശ്‌രിക്കുകൾ കേട്ടതും മരിച്ചവർ മറമാടാൻ വന്നവരുടെ ചെരിപ്പിന്റെ ശബ്ദം കേൾക്കുന്നതും മരണപ്പെട്ടവർ എപ്പോഴും എല്ലാതും കേൾക്കുമെന്നതിന് തെളിവാകുന്നതെങ്ങനെ എന്ന ചോദ്യത്തിനും അങ്ങനെയെങ്കിൽ മുശ്‌രിക്കിനും കറാമത്തുണ്ടോ എന്നതിനും വിശദീകരണം നൽകാൻ മുസ്‌ലിയാക്കന്മാർക്ക് കഴിഞ്ഞില്ല. അവസാനം കുഴപ്പം സൃഷ്ടിക്കാൻ മുസ്‌ലിയാക്കന്മാർ ശ്രമിച്ചുനോക്കിയെങ്കിലും അത് വിഫലമായി. ■

# മുൻവിധിയരുത്

"ഒരാൾ തന്റെ പളപളാ മിന്നുന്ന മെഴ്സിഡസ് ബെൻസ് ഓടിച്ചു പോകവേ അതിന്റെ ടയർ പൊട്ടിപ്പോയി. അത് മാറ്റാൻ നോക്കിയപ്പോഴാണ് ജാക്കിയില്ലെന്ന് മനസ്സിലായത്.

'ശരി, ആദ്യം കാണുന്ന വീട്ടിൽ പോയി ഒരെണ്ണം കടം ചോദിക്കാം' എന്ന് ചിന്തിച്ചുകൊണ്ട് അയാൾ സഹായം തേടിപ്പോയി.

'എന്റെ കാർ കണ്ടാൽ അയാൾ ചിലപ്പോൾ ജാക്കിക്ക് എന്തെങ്കിലും വാടക ചോദിക്കും' അയാൾ ആലോചിച്ചു. 'പത്ത് ഡോളർ ചോദിക്കും ചിലപ്പോൾ. ചിലപ്പോൾ അൻപതും ചോദിച്ചെന്നുവരാം, ജാക്കി എനിക്ക് അത്രയ്ക്ക് ആവശ്യമുണ്ടല്ലോ. എന്നെ ശരിക്കു മുതലെടുത്ത് നൂറു ഡോളർ ചോദിക്കാനും ഇട യുണ്ട്.'

അയാൾ മുൻപോട്ടു നടക്കുംതോറും വാടകയും കൂടിക്കൂടി വന്നു. ഒരു വീട് കണ്ടെത്തി അതിന്റെ ഉടമസ്ഥൻ വാതിൽ തുറന്ന ഉടനെ അയാൾ അലറി: 'നിങ്ങളൊരു കള്ളനാണ്! ഒരു ജാക്കിക്ക് അത്രയും വിലയൊന്നുമില്ല. നിങ്ങൾതന്നെ വെച്ചാൽ മതി!'

ഇങ്ങനെ ചെയ്തിട്ടില്ലെന്ന് നമുക്കിടയിൽ എത്രപേർക്ക് പറയാൻ പറ്റും?" (പൗലോ കൊയ്‌ലോ, മക്തൂബ്).

മുൻവിധിയോടെ ആളുകളെ സമീപിക്കുന്നത് വ്യക്തിബന്ധങ്ങളിലും സമൂഹത്തിലും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒന്നാണ്. ഒരു വ്യക്തിയെക്കുറിച്ച് വ്യക്തമായി അറിയുന്നതിന് മുമ്പുതന്നെ അവർക്ക് ചില പ്രത്യേക സ്വഭാവങ്ങൾ കൽപിക്കുന്നത് പലപ്പോഴും തെറ്റായ തീരുമാനങ്ങളിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.

മുൻവിധിയുള്ളപ്പോൾ നാം ഒരു വ്യക്തിയെ കാണുന്നത് നമ്മുടെ മനസ്സിലുള്ള ഒരു ചട്ടക്കൂടിലൂടെ യാണ്. ഇത് ആ വ്യക്തിയുടെ യഥാർഥ കഴിവുകളോ നന്മകളോ തിരിച്ചറിയുന്നതിന് തടസ്സമാകുന്നു.

ഒരാളുടെ നാടും മതവും വസ്ത്രധാരണ രീതിയുമൊക്കെ നോക്കി അയാളെ നല്ലവനാണെന്നോ മോശപ്പെട്ടവനെന്നോ വിലയിരുത്തുന്നവരുണ്ട്. ഇത് അകാരണമായ വെറുപ്പിനും വിവേചനത്തിനും കാരണമാകുന്നു. ഒരാളെ മുൻകൂട്ടി വിലയിരുത്തി മാറ്റിനിർത്തുമ്പോൾ, ആ വ്യക്തിയിൽ നിന്ന് ലഭിക്കുമായിരുന്ന നല്ല കാര്യങ്ങളും അറിവുകളും നമുക്ക് ലഭിക്കാതെ പോകുന്നു. മാത്രമല്ല, മുൻവിധിയോടെ പെരുമാറുന്നത് മറ്റുള്ളവരിൽ വേദനയും അരക്ഷിതാവസ്ഥയും ഉണ്ടാക്കുന്നു. ഇത് ബന്ധങ്ങൾക്കിടയിൽ വലിയ മതിൽക്കെട്ടുകൾ സൃഷ്ടിക്കുകയും ആശയവിനിമയം ഇല്ലാതാക്കുകയും ചെയ്യുന്നു.

സമൂഹത്തിൽ വർഗീയതയും ജാതീയതയും പ്രാദേശികവാദവും വളരുന്നത് ഇത്തരം മുൻവിധികളിലൂടെയാണ്. ഇത് സമൂഹത്തിന്റെ ഒരുമയെ തകർക്കുകയും അവിശ്വാസം വളർത്തുകയും ചെയ്യുന്നു. സമൂഹത്തിൽ ഇസ്‌ലാമോഫോബിയ വ്യാപിച്ചുകൊണ്ടിരിക്കുന്നത് മുൻവിധിയുടെ ഫലമായിട്ടാണ്. മുസ്‌ലിംകളെല്ലാം ഭീകരവാദികളും അകറ്റിനിറുത്തേണ്ടവരുമാണെന്ന ചില ദുഷ്ടചിന്താഗതിക്കാരുടെ പ്രചാരണത്തിൽ ആളുകൾ പെട്ടുപോകുന്നു. താടി വളർത്തിയവരെയോ തൊപ്പി വെച്ചവരെയോ കാണുമ്പോൾ അക്രമാസക്തരാകുന്നതിനു പോലും ഈ മുൻധാരണ അവരെ പ്രേരിപ്പിക്കുന്നു.

മുൻവിധി ഒരുതരം 'മാനസികമായ തിമിര'മാണ്. അത് സത്യം തിരിച്ചറിയാൻ നമ്മെ അനുവദിക്കില്ല. അതുകൊണ്ട് തുറന്ന മനസ്സോടെ സമീപിക്കുക. തിരിച്ചറിഞ്ഞശേഷം തീരുമാനമെടുക്കുക. ■




# മരണാനന്തര ജീവിതം;
## സത്യമാണെന്നതിന് ചില തെളിവുകൾ

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

ലോകത്തേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരഖിലവും സത്യസന്ധരും ധർമത്തിനും നീതിക്കും വേണ്ടി നിലകൊണ്ടവരുമായിരുന്നു. മനുഷ്യരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പോലും ഒരിക്കലും കളവു പറഞ്ഞിട്ടില്ലാത്തവർ ദൈവിക വിഷയത്തിൽ ജനങ്ങളോട് പറയാനുള്ള ഒരു സാധ്യതയുമില്ല. അതുകൊണ്ടാണ് റോമാ ചക്രവർത്തിയായ ഹിർക്കൽ പ്രവാചകന്റെ ശത്രുവായ അബൂസുഫ്‌യാനോട് സംവദിച്ചപ്പോൾ ‘ദൈവദാസന്മാരോട് കളവു പറയാത്ത ഒരാൾ ദൈവത്തിന്റെ കാര്യത്തിൽ കളവു പറയുമോ’ എന്ന് ചോദിച്ചത്. മരണാനന്തര ജീവിതത്തിന്റെ സംഭവ്യതയിൽ സംശയിക്കുന്നവരോട് വിശുദ്ധ ക്വുർആൻ ബുദ്ധിപരമായി സംസാരിക്കുന്നുണ്ട്:

“മനുഷ്യൻ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തിൽനിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്. എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു. അവൻ നമുക്ക് ഒരു ഉപമ എടുത്തു കാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്?’ പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻതന്നെ അവയ്ക്ക് ജീവൻ നൽ

**സെക്കൻഡിൽ ഒരു നക്ഷത്രം വച്ച് നാം എണ്ണിയാൽ ഏകദേശം 3000 വർഷത്തോളം വേണ്ടിവരും ആകാശഗംഗയിലെ നക്ഷത്രങ്ങൾ എണ്ണിത്തീരുവാൻ. ഇത്ര വിശാലമായ ആകാശലോകങ്ങളെ സൃഷ്ടിച്ച പ്രപഞ്ചസ്രഷ്ടാവിന് മനുഷ്യരെന്ന നിസ്സാരക്കാരെ പുനഃസൃഷ്ടിക്കുവാൻ വല്ല പ്രയാസവുമുണ്ടോ എന്ന ക്വുർആനിന്റെ ചോദ്യത്തിനു മുമ്പിൽ വിനയാമ്പിതരായി, 'അതിനൊരു പ്രയാസവുമില്ല' എന്ന് ഉത്തരം നൽകുന്നവരാൻ മനുഷ്യനു സാധിക്കണം.**

കുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ" (36:77-79).

ഈ ആയത്തിന്റെ വിശദീകരണത്തിൽ തഫ്സീറുസ്സഅ്ദിയിൽ പറഞ്ഞതിന്റെ ആശയം നമുക്ക് ഇപ്രകാരം സംഗ്രഹിച്ച് വായിക്കാനാകും:

"പുനരുത്ഥാനത്തെ സംശയിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന മനുഷ്യർ കണ്ടില്ലേ? ഉയിർത്തെഴുന്നേൽപ് ഉറപ്പായും സംഭവിക്കുമെന്നതിന് ശക്തമായ തെളിവുകളൊന്നും കണ്ടില്ലേ? അത്: 'തുടക്കത്തിൽ ഒരു ബീജകണത്തിൽനിന്ന് തീർച്ചയായും നാം അവനെ സൃഷ്ടിച്ചു. പിന്നീട് അവൻ പല ഘട്ടങ്ങളിലൂടെ കടന്നുപോയി. അങ്ങനെ വലുതായി. യുവാവായി. ബുദ്ധിയുള്ളവനായി. ഘട്ടംഘട്ടമായി വളർന്നു. എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു.' തുടക്കത്തിൽ അവനൊരു ബീജകണമായിരുന്നതിന് ശേഷം മുമ്പത്തെതും ഇപ്പോഴുള്ളതുമായ രണ്ടവസ്ഥകൾ തമ്മിലുള്ള അവന്റെ വ്യത്യാസത്തെക്കുറിച്ച് അവൻ ചിന്തിക്കട്ടെ. ഒന്നുമില്ലായ്മയിൽനിന്ന് അവനെ സൃഷ്ടിച്ചവൻ ചിതറിപ്പോയതിനുശേഷം അവനെ പുനർനിർമിക്കാൻ ഏറ്റവും അർഹനാണെന്ന് അവൻ മനസ്സിലാക്കട്ടെ" (തഫ്സീറുസ്സഅ്ദി).

"നുരുമ്പിപ്പോയ എല്ലിൽതുണ്ടെടുത്ത് കയ്യിലിട്ട് ഉരച്ചുപൊടിയാക്കി ഊതിപ്പറപ്പിച്ച്, ഊതിയാൽ പാറിപ്പോകുന്ന ഈ എല്ലിനെ ആര് ജീവിപ്പിക്കും എന്ന് ഒരു നിഷേധി ചോദിക്കുന്ന രംഗമാണ് വിശുദ്ധ ക്വുർആൻ തുടർന്ന് എടുത്തുപറയുന്നത്. അവൻ പറഞ്ഞു: 'അതായത് മനുഷ്യന്റെ എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അതിന് ജീവൻ നൽകുന്നത്?' അതായത്, ആരെങ്കിലും ഇവയെ പുനർജീവിപ്പിക്കുമോ? ഇത് നിഷേധാത്മകമായ ഒരു ചോദ്യമാണ്. അവ ശിഥിലമായി അപ്രത്യക്ഷമായാൽ ഒരാളും അവയെ പുനർജീവിപ്പിക്കില്ല. ഇതാണ് ഉപമയിൽ സാദൃശ്യമാക്കുന്ന വിഷയം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇത് അങ്ങേയറ്റം അസാധ്യമാണ്. ഇത്തരം ഒരു ചോദ്യം അവനിൽനിന്നുണ്ടായത് അവൻ അവന്റെ ആദ്യ സൃഷ്ടിപ്പിനെക്കുറിച്ച് അശ്രദ്ധനായതിനാലാണ്. പ്രസ്താവ്യമല്ലാത്ത ഒരു അവസ്ഥയിൽനിന്ന് അവൻ എങ്ങനെ സൃഷ്ടിക്കപ്പെട്ടു? അവൻ കാണപ്പെടുന്ന ഒന്നായി. ഇതവൻ ചിന്തിച്ചിരുന്നുവെങ്കിൽ അവൻ ഇങ്ങനെ വാദിക്കുമായിരുന്നില്ല" (തഫ്സീറുസ്സഅ്ദി).

"ആ എല്ലിനെ ആദ്യമാര് സൃഷ്ടിച്ചുവോ അവൻ രണ്ടാമതും ജീവിപ്പിക്കും എന്ന് മറുപടി കൊടുക്കാൻ ക്വുർആൻ കൽപിക്കുന്നു. ഒരിക്കൽ ജീവൻ കൊടുത്ത് സൃഷ്ടിച്ച് സംവിധാനിച്ചവന്ന് വീണ്ടും ഒരിക്കൽ സൃഷ്ടിക്കുവാൻ കൂടുതൽ എളുപ്പമായിരിക്കുമല്ലോ. ഒന്ന് ചിന്തിച്ചാൽ അവന് സംശയരഹിതമായി ബോധ്യപ്പെടും. ആദ്യം ഉണ്ടാക്കാമെങ്കിൽ അത് രണ്ടാമത് ആവർത്തിക്കാനും കഴിയും. സൃഷ്ടിക്കാൻ കഴിയുന്ന ഒരാൾക്ക് അത് ആവർത്തിക്കാൻ വളരെ എളുപ്പമാണ്" (തഫ്സീറുസ്സഅ്ദി).

'അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ.' ഇത് അല്ലാഹുവിന്റെ വിശേഷ ണങ്ങളിൽ പെട്ടതാണ്. അത് രണ്ടാമത്തെ തെളിവാണ്. അവന്റെ അറിവ് എല്ലാ സമയത്തും സാഹചര്യങ്ങളിലും

**ഭൂമിയിൽ താമസിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ ദിനേന കാണുകയും അനുഭവിക്കുകയും ചെയ്യുകൊണ്ടിരിക്കുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അല്ലാഹു മനുഷ്യരോട് മരണാനന്തര ജീവിതത്തിന്റെ യാഥാർഥ്യത്തെ ഉൾക്കൊള്ളുവാൻ ആവശ്യപ്പെടുന്നുണ്ട്.**

എല്ലാ വസ്തുക്കളെയും ചൂഴ്ന്നു നിൽക്കുന്നു. മരിച്ചവരുടെ ശരീരങ്ങൾ ഭൂമി ദഹിപ്പിക്കുന്നതും അവശേഷിപ്പിക്കുന്നതും അവനറിയുന്നു. അദൃശ്യവും ദൃശ്യവും അവനറിയുന്നു. ഈ മഹത്തായ ദൈവിക ജ്ഞാനം അംഗീകരിക്കുന്ന ഒരാൾക്ക് ആ അല്ലാഹുവിന് മരിച്ചവരെ ജീവിപ്പിക്കാനും കുഴിമാടങ്ങളിൽനിന്ന് പുറത്തുകൊണ്ടുവരാനും എളുപ്പമാണെന്ന് മനസ്സിലാകും" (തഫ്സീറുസ്സഅ്ദി).

വിശുദ്ധ ക്വുർആനിലെ ഒട്ടേറെ സ്ഥലങ്ങളിൽ മനുഷ്യ സൃഷ്ടിപ്പിനെ, അതിന്റെ തുടക്കത്തിൽ അവൻ എത്രമാത്രം ദുർബലനായിരുന്നു എന്ന വസ്തുത എടുത്ത് ഉദ്ധരിച്ചുകൊണ്ട് മരണാനന്തര ജീവിതത്തെ സ്ഥാപിക്കുന്ന ഒട്ടനവധി വചനങ്ങൾ കാണാനാകും. അവയിൽ ചിലത് നമുക്ക് ഇപ്രകാരം വായിക്കാം:

"മനുഷ്യൻ പറയും: 'ഞാൻ മരിച്ചുകഴിഞ്ഞാൽ പിന്നീട് എന്നെ ജീവനുള്ളവനായി പുറത്ത് കൊണ്ട് വരുമോ?' മനുഷ്യൻ ഓർമിക്കുന്നില്ലേ, അവൻ ഒന്നുമല്ലാതിരുന്ന ഒരു ഘട്ടത്തിൽ നാമാണ് ആദ്യം അവനെ പടച്ചുണ്ടാക്കിയതെന്ന്?" (19/66-67).

"നാം നിങ്ങൾക്കിടയിൽ മരണം കണക്കാക്കിയിരിക്കുന്നു. നാം ഒരിക്കലും തോൽപിക്കപ്പെടുന്നവനല്ല. (നിങ്ങൾക്കു) പകരം നിങ്ങളെ പോലുള്ളവരെ കൊണ്ടുവരികയും നിങ്ങൾക്ക് അറിവില്ലാത്ത വിധത്തിൽ നിങ്ങളെ (വീണ്ടും) സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്ന കാര്യത്തിൽ. ആദ്യതവണ സൃഷ്ടിക്കപ്പെട്ടതിനെപ്പറ്റി തീർച്ചയായും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് ആലോചിച്ചു നോക്കുന്നില്ല?" (56: 60-62).

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതു വരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിൻമേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളേയും അത് മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ അല്ലാഹുതന്നെയാണ് സത്യമായുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാണ്. അന്ത്യസമയം വരികതന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. ക്വബ്റുകളിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യും" (22:5-7).

"മനുഷ്യൻ വിചാരിക്കുന്നുവോ; അവൻ വെറുതെയങ്ങു വിട്ടേക്കപ്പെടുമെന്ന്? അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽനിന്നുള്ള ഒരു

കണമായിരുന്നില്ലേ? പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട്അല്ലാഹു (അവനെ) സൃഷ്ടിച്ചു സംവിധാനിച്ചു. അങ്ങനെ അതിൽ നിന്ന് ആണും പെണ്ണുമാകുന്ന രണ്ടു ഇണകളെ അവൻ ഉണ്ടാക്കി. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?" (75:36-40).

ഭൂമിയിൽ താമസിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ ദിനേന കാണുകയും അനുഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അല്ലാഹു മനുഷ്യരോട് മരണാനന്തര ജീവിതത്തിന്റെ യാഥാർഥ്യത്തെ ഉൾക്കൊള്ളുവാൻ ആവശ്യപ്പെടുന്നുണ്ട്.

"അല്ലാഹുവാകുന്നു കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ (കാറ്റുകൾ) മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഉദ്ദേശിക്കുന്നപ്രകാരം അതിനെ ആകാശത്ത് പരത്തുന്നു. അതിനെ അവൻ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്നിടയിൽ നിന്ന് മഴ പുറത്ത് വരുന്നതായി നിനക്ക് കാണാം. എന്നിട്ട് തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആ മഴ എത്തിച്ചുകൊടുത്താൽ അവരതാ സന്തുഷ്ടരാകുന്നു. ഇതിന് മുമ്പ് -ആ മഴ അവരുടെ മേൽ വർഷിപ്പിക്കപ്പെടുന്നതിന് മുമ്പ് -തീർച്ചയായും അവർ ആശയറ്റവർ തന്നെയായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങൾ നോക്കൂ. ഭൂമി നിർജീവമായിരുന്നതിന് ശേഷം എങ്ങനെയാണ് അവൻ അതിന് ജീവൻ നൽകുന്നത്? തീർച്ചയായും അത് ചെയ്യുന്നവൻ മരിച്ചവരെ ജീവിപ്പിക്കുക തന്നെ ചെയ്യും. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനെ' (30:48-50).

"അവർക്കൊരു ദൃഷ്ടാന്തമുണ്ട്; നിർജീവമായ ഭൂമി. അതിന് നാം ജീവൻ നൽകുകയും അതിൽ നിന്ന് നാം ധാന്യം ഉൽപാദിപ്പിക്കുകയും ചെയ്തു. എന്നിട്ട് അതിൽനിന്നാണ് അവർ ഭക്ഷിക്കുന്നത്. ഈന്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങൾ അതിൽ നാം ഉണ്ടാക്കുകയും അതിൽ നാം ഉറവിടങ്ങൾ ഒഴുക്കുകയും ചെയ്തു. അതിന്റെ ഫലങ്ങളിൽനിന്നും അവരുടെ കൈകൾ അധ്വാനിച്ചുണ്ടാക്കിയതിൽ നിന്നും അവർ ഭക്ഷിക്കുവാൻ വേണ്ടി. എന്നിരിക്കെ അവർ നന്ദികാണിക്കുന്നില്ലേ?" (36:33-35).

"നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. ഇതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അതിന് ജീവൻ നൽകിയവൻ തീർച്ചയായും മരിച്ചവർക്കും ജീവൻ നൽകുന്നവനാകുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു" (41:39).

മനുഷ്യർ വലുപ്പത്തിൽ ഏറെ ചെറുതാണെങ്കിലും നമുക്കുചുറ്റുമുള്ള പ്രപഞ്ചം കണ്ടെത്താനാകാത്തവിധം വിശാലമാണ്. നാം ദിനേനെ കണ്ടുകൊണ്ടിരിക്കുന്ന സൂര്യൻ എന്ന നക്ഷത്രം ഭൂമിയെക്കാൾ ഏകദേശം പതിമൂന്നര ലക്ഷം ഇരട്ടി വലുപ്പമുണ്ട്. സൂര്യൻ നമുക്ക് വളരെ വലുതായി തോന്നാമെങ്കിലും മറ്റുള്ള നക്ഷത്രങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ അത് വളരെ ചെറുതുമാണ്. സൂര്യനും മറ്റനേകം നക്ഷത്രങ്ങളും ചേർന്നതാണ് ആകാശഗംഗ എന്നറിയപ്പെടുന്ന നമ്മുടെ ഗ്യാലക്സി. സൂര്യനും മറ്റു നക്ഷത്രങ്ങളും ആ ഗ്യാലക്സിയുടെ മധ്യഭാഗം കേന്ദ്രമാക്കി ചുറ്റിക്കൊണ്ടിരിക്കുന്നു. അറിയപ്പെട്ടിടത്തോളം നമ്മുടെ ഗ്യാലക്സിയിൽ ഏകദേശം 100 ബില്യൺ നക്ഷത്രങ്ങളുണ്ട്. അഥവാ ഒരു സെക്കൻഡിൽ ഒരു നക്ഷത്രം വച്ച് നാം എണ്ണിയാൽ ഏകദേശം 3000 വർഷത്തോളം വേണ്ടിവരും ആകാശഗംഗയിലെ നക്ഷത്രങ്ങൾ എണ്ണിത്തീരുവാൻ. ഇത്ര വിശാലമായ ആകാശലോകങ്ങളെ സൃഷ്ടിച്ച പ്രപഞ്ചസ്രഷ്ടാവിന് മനുഷ്യരെന്ന നിസ്സാരക്കാരെ പുനഃസൃഷ്ടിക്കുവാൻ വല്ല പ്രയാസവുമുണ്ടോ എന്ന ക്വുർആനിന്റെ ചോദ്യത്തിനു മുമ്പിൽ വിനയാന്വിതരായി, 'അതിനൊരു പ്രയാസവുമില്ല' എന്ന് ഉത്തരം നൽകുന്നവാൻ മനുഷ്യനു സാധിക്കണം. അല്ലാഹു ചോദിക്കുന്നു:

"നിങ്ങളാണോ സൃഷ്ടിക്കപ്പെടാൻ കൂടുതൽ പ്രയാസമുള്ളവർ, അതല്ല; ആകാശമാണോ? അതിനെ അവൻ നിർമിച്ചിരിക്കുന്നു" (79:27).



# മരണത്തോടെ അവസാനിക്കുമെങ്കിൽ, നാം എന്തിന് ഇവിടെ... ?

റൈഹാൻ ഷഹീദ്
: 8921259204

**മനുഷ്യനെ സംബന്ധിച്ചിടത്തോളം നൂറ് ശതമാനം ഉറപ്പുള്ള സത്യമാണ് മരണം. എന്നാൽ ബോധപൂർവമോ അബോധമായോ മനുഷ്യൻ ഏറ്റവും കൂടുതൽ അവഗണിക്കുന്ന സത്യവും മരണം തന്നെ! എന്താണ് മരണം? മരണം എല്ലാത്തിന്റെയും അവസാനമാണോ; അതോ പുതിയൊരു ജീവിതത്തിന്റെ തുടക്കമോ? മരണത്തോടെ ജീവിതം അവസാനിക്കുമെങ്കിൽ സൽകർമങ്ങൾക്ക് എന്തു പ്രസക്തി? ഇതിന് കൃത്യമായി മറുപടി നൽകാൻ ജീവൻ നൽകിയ, മരണം സൃഷ്ടിച്ച സ്രഷ്ടാവിന് മാത്രമെ കഴിയൂ.**

മനുഷ്യൻ ജനിച്ച നിമിഷം മുതൽ അവനെ ഉറപ്പായും കാത്തിരിക്കുന്ന സത്യമാണ് മരണം. എന്നാൽഏറ്റവും ഉറപ്പുള്ള ഈ സത്യത്തെക്കുറിച്ച് ചിന്തിക്കുന്നത് ഒഴിവാക്കാനാണ് മനുഷ്യൻ പലപ്പോഴും ശ്രമിക്കാറുള്ളത്. ജീവിതത്തെക്കുറിച്ചുള്ള ഏറ്റവും ആഴമേറിയ ചോദ്യങ്ങൾ ഉണർത്തുന്ന മരണം എന്ന സത്യത്തെ പലരും മറക്കുന്നു. അതുകൊണ്ട് തന്നെ 'മരണത്തോടെ അവസാനിക്കുമെങ്കിൽ, നാം എന്തിന് ഇവിടെ?' എന്ന ചോദ്യം മനുഷ്യനിലനിൽപിന്റെ അടിസ്ഥാന ചോദ്യമാണ്.

നാസ്തിക ചിന്ത പലപ്പോഴും ജീവിതത്തെ വസ്തുശാസ്ത്രത്തിന്റെ കണ്ണുകൊണ്ട് മാത്രം വായിക്കാൻ ശ്രമിക്കുന്നു. മനുഷ്യൻ രാസപ്രവർത്തനങ്ങളുടെ ഒരു സങ്കീർണ കൂട്ടായ്മ മാത്രമാണെന്നും മരണം ആ പ്രവർത്തനങ്ങളുടെ അവസാനമാണെന്നുമാണ് പൊതുവായ വാദം. എന്നാൽ ഇവിടെ ഒരു അടിസ്ഥാന പ്രശ്നമുണ്ട്; മരണം വെറും ജൈവപ്രവർത്തനങ്ങളുടെ സ്വാഭാവിക നിലച്ചുപോക്കാണെങ്കിൽ, 'ജീവൻ' എന്ന അത്ഭുതം എന്തായിരുന്നു എന്ന ചോദ്യത്തിന് അതുകൊണ്ട് മറുപടി ലഭിക്കുന്നില്ല.

**മരണത്തെ നിർവചിക്കുമ്പോൾ**

ശാസ്ത്രം മരണത്തെ നിർവചിക്കുന്നത് ഹൃദയമിടിപ്പ് നിലയ്ക്കൽ, മസ്തിഷ്കപ്രവർത്തനം അവസാനിക്കൽ, ശരീര താപനില താഴൽ, കോശങ്ങളുടെ ചിതറൽ എന്നിങ്ങനെയൊക്കെയാണ്. എന്നാൽ ഇവ മരണത്തിന്റെ ലക്ഷണങ്ങൾ മാത്രമാണ്, മരണത്തിന്റെ സാരമല്ല. ഒരു മനുഷ്യൻ മരണപ്പെടുമ്പോൾ ശരീരത്തിലെ ഘടകങ്ങളെല്ലാം അവിടെത്തന്നെയുണ്ട്. പക്ഷേ, എന്തോ ഒന്നില്ലാതായിരിക്കുന്നു. അതിനെയാണ് മനുഷ്യർ 'ജീവൻ' എന്നും മതങ്ങൾ 'ആത്മാവ്' എന്നും വിശേഷിപ്പിക്കുന്നത്.

ഇവിടെയാണ് മതം ഒരു നിർണായക ചോദ്യം ഉയർത്തുന്നത്: മനുഷ്യൻ ശരീരം മാത്രമാണോ? അങ്ങനെയാണെങ്കിൽ, ഒരു മൃതദേഹത്തിന്റെയും ജീവനുള്ള മനുഷ്യന്റെയും ഇടയിലുള്ള വ്യത്യാസം എന്ത്? ഒരാൾ മരിക്കുമ്പോൾ നാം 'അവൻ പോയി' എന്നു പറയുന്നു. ശരീരം ഇവിടെത്തന്നെയിരിക്കെ പോയ 'അവൻ' ആരാണ്? ഈ സാധാരണ ഭാഷാപ്രയോഗം പോലും മനുഷ്യൻ ശരീരത്തിനപ്പുറമുള്ള ഏതോ സത്തയെ സ്വാഭാവികമായി തിരിച്ചറിയുന്നുവെന്നതിന് സാക്ഷിയാണ്.

ആത്മാവിനെക്കുറിച്ചുള്ള ചർച്ചയെ ചിലർ അശാസ്ത്രീയമെന്നു പറഞ്ഞ് തള്ളാറുണ്ട്. എന്നാൽ ബോധം, മനഃസാക്ഷി, സ്വപ്നം, സ്നേഹം, സൗന്ദര്യാനുഭവം, ധാർമികബോധം എന്നിവയെയെല്ലാം വെറും ന്യൂറോണുകളുടെ രാസപ്രവർത്തനങ്ങളായി ചുരുക്കുന്നത് വിശദീകരണമെന്ന പേരിലുള്ള ചുരുക്കലാണ്; സംഗീതത്തെ സ്പീക്കറിന്റെ വിറയലായി മാത്രം നിർവചിക്കുന്നതുപോലെ.

ഇവിടെയാണ് നാസ്തികതയ്ക്ക് മറുപടി പറയേണ്ടിവരുന്നത്. 'മരണത്തോടെ എല്ലാം അവസാനിക്കുന്നു' എന്നത് ഒരു പ്രസ്താവന മാത്രമാണ്; ജീവിതത്തിന്റെ അർഥത്തിന് അതൊന്നും മറുപടി നൽകുന്നില്ല. ഒടുവിൽ എല്ലാം ശൂന്യതയിൽ ലയിക്കുന്നതാണെങ്കിൽ സ്നേഹത്തിന് അർഥമെന്ത്? നീതിക്കുവേണ്ടി പോരാടേണ്ടതെന്തിന്? സത്യത്തിനുവേണ്ടി ജീവൻ സമർപ്പിക്കുന്നതിനെ എന്തിന് മഹിതമായി കണക്കാക്കണം? മരണത്തോടെ എല്ലാം തീരുന്നുവെങ്കിൽ ത്യാഗവും ധാർമികതയും വീര്യവും വെറും ജൈവഭ്രമങ്ങളായി ചുരുങ്ങുകയല്ലേ?

മരണത്തെ വെറും 'സ്വാഭാവിക പ്രക്രിയ' എന്നു വിളിക്കുന്നത് പലപ്പോഴും ചോദ്യത്തെ അവഗണിക്കലാണ്. 'സ്വാഭാവികം' എന്നത് 'അർഥശൂന്യം' എന്നല്ല. വിത്ത് മണ്ണിൽ വീണ് മുളച്ച് വൃക്ഷമാകുന്നത് സ്വാഭാവികമാണ്. എന്നാൽ അതിന് ലക്ഷ്യമില്ലെന്നല്ല.

ഉറക്കത്തെ ചെറു മരണമായി (ക്വുർആൻ 39:42), വരണ്ട ഭൂമിയുടെ പുനർജീവനത്തെ പുനരുത്ഥാനത്തിന്റെ ഉപമയായി (ക്വുർആൻ 50:11), വിത്തിന്റെ ചിതറലിനെ മരണാനന്തര ജീവിതത്തിന്റെ സൂചനയായി (ക്വുർആൻ 6:95) ക്വുർആൻ അവതരിപ്പിക്കുന്നു.

ഇവിടെ മറ്റൊരു ചോദ്യം ഉയരുന്നു: ജീവിതം യാദൃച്ഛിക പ്രക്രിയകളുടെ ഫലമാണോ അതോ ഉദ്ദേശ്യത്തോടെ രൂപപ്പെട്ടതോ? ഒരു പുസ്തകം കണ്ടാൽ അതിന് ഒരു രചയിതാവുണ്ടെന്ന് നാം ഉറപ്പിക്കുന്നു; ഒരു ശിൽപം കണ്ടാൽ ശിൽപിയെയും. എന്നാൽ അതിനെക്കാൾ അത്ഭുതകരമായ ബ്രഹ്മാണ്ഡത്തെയും മനുഷ്യബോധത്തെയും കണ്ടിട്ടും ചിലർ സ്രഷ്ടാവില്ലെന്നും ലക്ഷ്യമില്ലെന്നും പറയുന്നത് ശ്രദ്ധേയമായ വൈരുധ്യവും ബുദ്ധിശൂന്യതയുമാണ്.

മരണത്തെക്കുറിച്ചുള്ള ചർച്ച വെറും മതവിഷയമല്ല; അത് നീതിയുടെയും ജീവിതലക്ഷ്യത്തിന്റെയും ചോദ്യമാണ്. അനീതിക്കി

രയായി കരഞ്ഞുപോയവരുടെ ചരിത്രം, ശിക്ഷിക്കപ്പെടാതെ രക്ഷപ്പെട്ട അക്രമികൾ, സത്യത്തിനുവേണ്ടി ജീവൻ ത്യജിച്ച മഹാത്മാക്കൾ... ഇതെല്ലാം ഒരു അന്തിമ കണക്കെടുപ്പിന്റെ സാധ്യതയിലേക്കും അനിവാര്യതയിലേക്കും വിരൽചൂണ്ടുന്നു. മരണത്തോടെ എല്ലാം അവസാനിക്കുമെങ്കിൽ നീതിയുടെ അന്തിമവിജയം എവിടെ?

**പരലോക നിഷേധികളോടൊരു ചോദ്യം**

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവരോട് ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്: മരണത്തോടെ എല്ലാം അവസാനിക്കുന്നതാണെങ്കിൽ, മനുഷ്യൻ എന്തുകൊണ്ട് മരണത്തെ സ്വാഭാവികമായി ആഗ്രഹിക്കുന്നില്ല?

ജീവിതം വേദനയുടെയും നഷ്ടത്തിന്റെയും രോഗത്തിന്റെയും അനീതിയുടെയും ഭാരമാണെന്ന് പറയുന്നവരാണ് പലപ്പോഴും 'മരണം ഒരു അന്തിമ നിശ്ശബ്ദതയാണ്' എന്ന് വാദിക്കുന്നത്. എന്നാൽ അതേ മനുഷ്യൻ മരിക്കാൻ ആഗ്രഹിക്കുന്നില്ല. ജീവൻ നിലനിർത്താൻ അവൻ പൊരുതുന്നു. ഒരു ശ്വാസം കൂടി കിട്ടാൻ ആശുപത്രികളിൽ പോരാടുന്നു. അപകടത്തിന്റെ വക്കിൽ നിൽക്കുമ്പോൾ അവന്റെയുള്ളിൽ ജീവൻ രക്ഷിക്കാനുള്ള സഹജപ്രേരണ പ്രവർത്തിക്കുന്നു. എന്തുകൊണ്ട്? എല്ലാം ശൂന്യതയിൽ അവസാനിക്കുന്നതാണെങ്കിൽ, ഈ ജീവൻ പിടിച്ചുനിറുത്താനുള്ള മോഹം എവിടെനിന്നാണ് വരുന്നത്? ഇത് ഒരു സാധാരണ മനശ്ശാസ്ത്രപ്രവണതയല്ല; മനുഷ്യന്റെ ഉള്ളിൽ പതിഞ്ഞ ഒരു ആഴത്തിലുള്ള സാ-

**ജീവിതം വേദനയുടെയും നഷ്ടത്തിന്റെയും രോഗത്തിന്റെയും അനീതിയുടെയും ഭാരമാണെന്ന് പറയുന്നവരാണ് പലപ്പോഴും 'മരണം ഒരു അന്തിമ നിശ്ശബ്ദതയാണ്' എന്ന് വാദിക്കുന്നത്. എന്നാൽ അതേ മനുഷ്യൻ മരിക്കാൻ ആഗ്രഹിക്കുന്നില്ല. ജീവൻ നിലനിർത്താൻ അവൻ പൊരുതുന്നു. ഒരു ശ്വാസം കൂടി കിട്ടാൻ ആശുപത്രികളിൽ പോരാടുന്നു. അപകടത്തിന്റെ വക്കിൽ നിൽക്കുമ്പോൾ അവന്റെയുള്ളിൽ ജീവൻ രക്ഷിക്കാനുള്ള സഹജപ്രേരണ പ്രവർത്തിക്കുന്നു. എന്തുകൊണ്ട്? എല്ലാം ശൂന്യതയിൽ അവസാനിക്കുന്നതാണെങ്കിൽ, ഈ ജീവൻ പിടിച്ചുനിറുത്താനുള്ള മോഹം എവിടെനിന്നാണ് വരുന്നത്?**

ക്ഷ്യമാണ്. ഇത് ഇന്നും ഭൗതികവാദികളെ അലട്ടുന്ന ചോദ്യമാണ്. കാരണം, മരണാനന്തര ജീവിതമില്ലെന്ന വിശ്വാസം പൂർണസത്യമാണെങ്കിൽ, മരണത്തെ ഭയപ്പെടേണ്ടതില്ല. അതൊരു മോചനമാകണം. എന്നാൽ മനുഷ്യൻ എന്തുകൊണ്ട് അതിനെ സ്വാഭാവികമായി സ്വാഗതം ചെയ്യുന്നില്ല?

ചിലർ അതിനെക്കുറിച്ച് പറയുന്നത് 'ജീവിക്കാനുള്ള പരിണാമപരമായ സഹജാവബോധമാണ്' (evolutionary instinct)എന്നാണ്. പക്ഷേ, അതൊരു തൃപ്തികരമായ മറുപടിയല്ല. ആ സഹജാവബോധം (instinct) തന്നെ എന്തുകൊണ്ട് ഉണ്ട്? ജീവൻ നിലനിറുത്താനുള്ള ഈ അടങ്ങാത്ത പ്രേരണ, ജീവന് വെറും ജൈവമൂല്യം മാത്രമല്ല, ഒരു ആഴമുള്ള അർഥവുമുണ്ടെന്ന സൂചനയല്ലേ?

ഇവിടെ മറ്റൊരു വൈരുധ്യവും ശ്രദ്ധിക്കണം.'ജീവിതത്തിന് അന്തിമ അർഥമില്ല' എന്ന് പറയുന്നവരും ജീവിതത്തിന്റെ അർഥത്തെക്കുറിച്ച് അസാധാരണമായ ആകാംക്ഷ പുലർത്തുന്നു. അവർ സ്നേഹിക്കുന്നു. നീതിക്കുവേണ്ടി സംസാരിക്കുന്നു. അവകാശങ്ങൾ ആവശ്യപ്പെടുന്നു. മരണത്തെ ഭയക്കുന്നു. അർഥമില്ലെന്ന് പ്രഖ്യാപിക്കുന്നവരും അർഥമുള്ളവരെപ്പോലെ ജീവിക്കുന്നു. ഇത് വെറും വൈരുധ്യമല്ല. മനുഷ്യ പ്രകൃതി (ഫിത്റത്ത്)യുടെ സാക്ഷ്യമാണ്.

മരണഭയം വെറും അജ്ഞാതത്തെക്കുറിച്ചുള്ള ഭയം മാത്രമല്ല; ഒരു അന്തിമ കണക്കെടുപ്പിന്റെ സാധ്യത മനുഷ്യൻ ഉൾക്കരളിൽ തിരിച്ചറിയുന്നതിന്റെ സൂചനയുമാകാം. മനുഷ്യൻ സ്വയം വഞ്ചിച്ചേക്കാം. പക്ഷേ ഫിത്റത്തിനെ പൂർണമായി നിശ്ശബ്ദമാക്കാൻ കഴിയില്ല. 'മരണം വന്നാൽ നിങ്ങൾ പൂർണമായും ഇല്ലാതാ

കും. ഓർമയില്ല. ബോധമില്ല. കണക്കെടുപ്പില്ല. വെറും ശൂന്യം' എന്നാണ് വാദമെങ്കിൽ മനുഷ്യൻ മരണത്തെ ഇത്രയും ഭയക്കുന്നത് എന്തുകൊണ്ട്? ശൂന്യതയിൽ ലയിക്കുന്നതിനെ എന്തിന് ഭയക്കണം?

ഇസ്‌ലാം മരണത്തെ കൊതിക്കാൻ പഠിപ്പിക്കുന്നില്ല. കാരണം അത് പരീക്ഷണത്തിൽനിന്ന് ഒഴിഞ്ഞോടലാണ്. എന്നാൽ മരണം ഒരു അനിവാര്യതയാണ് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

**പരലോകത്തെക്കുറിച്ചുള്ള വിമർശനങ്ങൾ**

പരലോകവിശ്വാസത്തിനെതിരായ വിമർശനങ്ങൾ പുതിയതല്ല. പ്രവാചകന്മാരുടെ കാലം മുതൽ തന്നെ മനുഷ്യൻ അദൃശ്യ യാഥാർഥ്യത്തെ ചോദ്യം ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നത്തെ നാസ്തിക - സെക്യുലർ വിമർശനങ്ങൾക്ക് ഒരു പ്രത്യേക സ്വഭാവമുണ്ട്. അവ പലപ്പോഴും പരലോകത്തെ ഒരു ഗൗരവമുള്ള ദാർശനിക ആശയമായി സമീപിക്കുന്നില്ല; മറിച്ച് അതിനെ ലളിതവൽക്കരിച്ച് പരിഹാസത്തിന്റെ വിഷയമാക്കുകയാണ് പതിവ്. 'പാൽ ഒഴുകുന്ന പുഴകൾ,' 'ഹൂറിമാർ,' 'നിത്യ നരകം,' 'ഭൂമിയിൽ ഹറാം, അവിടെ ഹലാൽ' എന്നിങ്ങനെ ചില കാര്യങ്ങളിൽ ചുരുക്കപ്പെടുന്ന വിമർശനങ്ങളാണ് ആവർത്തിക്കപ്പെടുന്നത്. പരിഹസിക്കൽ മാത്രമാണ് ലക്ഷ്യം. വിഷയത്തിന്റെ ആഴത്തെയും സങ്കീർണതയെയും സ്പർശിക്കാൻ ഇവർ തയ്യാറാകുന്നില്ല.

സ്വർഗത്തെക്കുറിച്ചുള്ള വിമർശനത്തെ പരിഗണിക്കാം. 'പാലൊഴുകുന്ന പുഴകളല്ല വേണ്ടത്, കുപ്പിയിലാണ് വേണ്ടത്' പോലുള്ള പരിഹാസങ്ങൾ കേൾക്കാറുണ്ട്. ഖുർആൻ ഉപയോഗിക്കുന്ന ഭാഷയുടെ സ്വഭാവം മനസ്സിലാക്കാത്തതിൽ നിന്നാണ് ഈ പരിഹാസം ഉയരുന്നത്. മനുഷ്യന് പൂർണമായി ഉൾക്കൊള്ളാനാവാത്ത യാഥാർഥ്യങ്ങളെ, അവൻ അറിയുന്ന അനുഭവങ്ങളുടെ ഉപമകളിലൂടെ വിവരിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. സ്വർഗം ഭൂമിയിലെ ഒരു ആഡംബര വിനോദകേന്ദ്രമല്ല. മനുഷ്യബോധത്തിന് സമീപിക്കാവുന്ന ഭാഷയിൽ, അവന്റെ അറിവിന് അതീതമായ യാഥാർഥ്യത്തെ സൂചിപ്പിക്കുന്ന വിവരണങ്ങളാണ് അവ.



ഹൂറിമാരെക്കുറിച്ചുള്ള വിമർശനവും ഇതേ തെറ്റിദ്ധാരണയിൽനിന്നാണ് വളരുന്നത്. ചില വിമർശകർ അതിനെ പുരുഷകാമനയുടെ മതപരമായ പാക്കേജായി ചിത്രീകരിക്കുന്നു. എന്നാൽ അത് വിമർശകന്റെ വായനയാണ്, മതത്തിന്റേതല്ല. ഖുർആൻ സ്വർഗത്തെ സമാധാനം, ദുഃഖമില്ലായ്മ, നഷ്ടമില്ലാത്ത അവസ്ഥ, ദൈവസാന്നിധ്യം, ഹൃദയശാന്തി, പൂർണത എന്നീ ഉയർന്ന ആത്മീയ പ്രതിഫലങ്ങളിലൂടെയും അവതരിപ്പിക്കുന്നുണ്ട്. ഹൂറിമാരെ കേന്ദ്രീകരിച്ച് സ്വർഗത്തെ മുഴുവനായി വായിക്കുന്നത്, ചില യാഥാർഥ്യങ്ങളോട് പുറംതിരിഞ്ഞു നിൽക്കലാണ്. സ്വർഗത്തിൽ പുരുഷന്മാർക്ക് മാത്രമാണ് ഇണകളുള്ളത് എന്നു ഖുർആൻ പറയുന്നില്ല.

മറ്റൊരു വിമർശനം ഇങ്ങനെ: "ഭൂമിയിലെ ആസ്വാദനങ്ങൾ തടഞ്ഞുവച്ച് പരലോകത്ത് അവ നൽകുന്നതിൽ എന്ത് യുക്തിയാണുള്ളത്?" ഇതും ഒരു തെറ്റായ മുൻധാരണയിലുള്ള ചോദ്യമാണ്. ഇസ്‌ലാം ആസ്വാദനവിരുദ്ധ മതമല്ല; നിയന്ത്രണമില്ലാത്ത ആസ്വാദനത്തിനെതിരായ മതമാണ്. ചില കാര്യങ്ങൾ ഹറാമാക്കിയിരിക്കുന്നത് ആസ്വാദനങ്ങൾ തടയാനല്ല; അവയുടെ ദോഷ

ങ്ങൾ ബാധിക്കാതിരിക്കാനാണ്, ധാർമികവും ആത്മീയവുമായ ലക്ഷ്യങ്ങളാലാണ്. പരീക്ഷണത്തിന്റെ ലോകത്തെ നിയന്ത്രിതമായ ജീവിതം, പ്രതിഫലത്തിന്റെ ലോകത്ത് പരിമിതികളില്ലാത്ത അനുഭവമായി മാറുന്നു.

'നരകശിക്ഷ നൽകുന്ന സ്രഷ്ടാവ് ക്രൂരനല്ലേ?' എന്നതാണ് മറ്റൊരു വിമർശന ചോദ്യം. എന്നാൽ ഇവിടെ പലപ്പോഴും നീതിയും കരുണയും പരസ്പര വിരുദ്ധങ്ങളായി ചിത്രീകരിക്കപ്പെടുന്നു. ശിക്ഷ എന്ന ആശയം തന്നെ ക്രൂരതയാണെങ്കിൽ, മനുഷ്യസമൂഹത്തിലെ നീതിന്യായ സംവിധാനങ്ങളെ എന്ത് വിളിക്കണം? അനീതിക്ക് ഒരിക്കലും കണക്കെടുപ്പില്ലാത്ത ലോകമോ കൂടുതൽ ക്രൂരമായത്, അതോ ഉത്തരവാദിത്തമുള്ള ലോകമോ?

നരകത്തെ മനസ്സിലാക്കേണ്ടത് പ്രതികാരത്തിന്റെ സാഡിസ്റ്റിക് രൂപമായിട്ടല്ല; നീതിയുടെ ലോകമായിട്ടാണ്. അതേസമയം ഇസ്‌ലാമിൽ കരുണക്കും പശ്ചാത്താപത്തിനും മാപ്പിനും മാന്യമായ ഇടപെടലിനുമുള്ള സ്ഥാനം വിമർശകർ അവഗണിക്കുന്നു. ഖുർആനിൽ ശിക്ഷയുടെ ഭാഷയെക്കാൾ കരുണയുടെ ഭാഷയുമുണ്ട്.

'മരിച്ചവർ എപ്പോൾ ഉയിർത്തെഴുന്നേൽക്കും, അവിടെ സമയം എങ്ങനെ പ്രവർത്തിക്കും' എന്നും ചോദിക്കുന്ന വിമർശകരുണ്ട്. ഇവിടെ പ്രശ്നം മനുഷ്യൻ സമയത്തെ ഭൂമിയിലെ അനുഭവത്തിന്റെ മാനദണ്ഡത്തിൽ മാത്രം ചിന്തിക്കുന്നതിലാണ്. മതം പറയുന്ന പരലോകം ഈ ലോകത്തിന്റെ സമയഘടനയുള്ള ഒന്നല്ല.

ചിലർ ചോദിക്കുന്നു: 'മനുഷ്യന് ഉൾക്കൊള്ളാനാവാത്ത

**ഖുർആൻ ജീവിതത്തെ പരീക്ഷണം എന്ന് വിളിക്കുമ്പോൾ, അല്ലാഹു തനിക്ക് അറിവ് നേടാൻ പരീക്ഷിക്കുന്നുവെന്നല്ല അർഥം. അവന് അറിയാത്തത് അറിയാനല്ല പരീക്ഷണം. മറിച്ച് പരീക്ഷണം മനുഷ്യർക്കാണ്. അതിനാണ് അല്ലാഹു മനുഷ്യന് ഇച്ഛാസ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. നന്മയുടെ വഴിയും തിന്മയുടെ വഴിയും അവന് തിരഞ്ഞെടുക്കാം. അല്ലാഹു മനുഷ്യന് തിരഞ്ഞെടുപ്പിന് അവസരം നൽകാതെ ഇന്നയിന്നയാൾ നരകത്തിലാണ് എന്നു വിധിച്ചാൽ മനുഷ്യൻ പറയുക 'എനിക്ക് തിരഞ്ഞെടുക്കാൻ അവസരം നൽകിയിരുന്നെങ്കിൽ ഞാൻ സ്വർഗാവകാശിയായിരുന്നേനെ, ഇത് അനീതിയാണ്' എന്നായിരിക്കില്ലേ?**

ശിക്ഷകളും പ്രതിഫലങ്ങളും പറഞ്ഞാൽ അതെങ്ങനെ അർഥവത്താകും?' പരിമിതമായ മനസ്സിന് അതീതമായ യാഥാർഥ്യത്തെ പൂർണമായി ഉൾക്കൊള്ളാനാവാത്തത്, ആ യാഥാർഥ്യം അസംബന്ധമാണെന്ന് തെളിയിക്കുന്നില്ല; ഗർഭസ്ഥ ശിശുവിന് പുറംലോകത്തെ അറിയാനാവാത്തതുപോലെ.

യഥാർഥത്തിൽ ഈ വിമർശനങ്ങളിൽ പലതും പരലോകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ളതല്ല; മനുഷ്യന്റെ അസ്വസ്ഥതകളെക്കുറിച്ചുള്ളതാണ്. അനന്തതയെക്കുറിച്ചുള്ള അസ്വസ്ഥത, ഉത്തരവാദിത്തത്തെക്കുറിച്ചുള്ള അസ്വസ്ഥത, വിധിയെക്കുറിച്ചുള്ള അസ്വസ്ഥത...

അതിനാൽ യഥാർഥ ചോദ്യം ഇതാണ്: 'പരലോകവിശ്വാസം യുക്തിരഹിതമാണോ? നമുക്കു പരിചിതമായ അനുഭവങ്ങളുടെ പരിധി കടന്നതിനാൽ അത് നമ്മെ അസ്വസ്ഥരാക്കുകയാണോ?

### എല്ലാം സ്രഷ്ടാവിന് അറിയുമെങ്കിൽ പരീക്ഷണമെന്തിന്?

പരലോകവിശ്വാസത്തിനെതിരായ വിമർശനങ്ങളിൽ ഒന്നാണിത്: 'ആരാണ് സ്വർഗത്തിൽ പോകുക, ആരാണ് നരകത്തിൽ പോകുക എന്ന് അല്ലാഹുവിന് മുമ്പേ അറിയാമെങ്കിൽ പിന്നെ ഇഹലോകജീവിതം എന്ന പരീക്ഷണം എന്തിനാണ്?"

'മുൻകൂട്ടിയറിവ് നിർബന്ധിപ്പിക്കലാണ്' എന്ന ധാരണയിലാണ് ഈ ചോദ്യം. അല്ലാഹുവിന്റെ അറിവ് ഒരാളെ നിർബന്ധിപ്പിക്കുന്നില്ല. അവൻ അറിയുന്നു എന്നത്, അവൻ നിർബന്ധിച്ചു എന്നല്ല. ഇത് മനസ്സിലാക്കാൻ ലളിതമായ ഒരു ഉപമ മതി. ഒരു പരിചയസമ്പന്ന

അധ്യാപകന് തന്റെ വിദ്യാർഥികളിൽ ആരൊക്കെ വിജയിക്കാനും ആരൊക്കെ പരാജയപ്പെടാനും സാധ്യതയുണ്ടെന്ന് മുൻകൂട്ടി അറിയാം. പക്ഷേ, ആ അറിവ് വിദ്യാർഥിയെ പരാജയപ്പെടുത്തുന്നില്ല. വിദ്യാർഥി സ്വന്തം തിരഞ്ഞെടുപ്പിലൂടെയാണ് അതിലേക്കെത്തുന്നത്. അറിവും നിർബന്ധവും തമ്മിൽ വ്യത്യാസമുണ്ട്. മനുഷ്യൻ പലപ്പോഴും ഈ രണ്ടിനെയും കൂട്ടികുഴയ്ക്കുന്നു. ദൈവത്തിന്റെ സർവജ്ഞത മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നില്ല; മറിച്ച് അതിനെ ഉൾക്കൊള്ളുന്നു.

"മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു. തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (ഖുർആൻ 76:1-3).

ഖുർആൻ ജീവിതത്തെ പരീക്ഷണം എന്ന് വിളിക്കുമ്പോൾ, അല്ലാഹു തനിക്ക് അറിവ് നേടാൻ പരീക്ഷിക്കുന്നുവെന്നല്ല അർഥം. അവന് അറിയാത്തത് അറിയാനല്ല പരീക്ഷണം. മറിച്ച് പരീക്ഷണം മനുഷ്യർക്കാണ്. അതിനാണ് അല്ലാഹു മനുഷ്യന് ഇച്ഛാസ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. നന്മയുടെ വഴിയും തിന്മയുടെ വഴിയും അവന് തിരഞ്ഞെടുക്കാം. അല്ലാഹു മനുഷ്യന് തിരഞ്ഞെടുപ്പിന് അവസരം നൽകാതെ ഇന്നയിന്നയാൾ നരകത്തിലാണ് എന്നു വിധിച്ചാൽ മനുഷ്യൻ പറയുക 'എനിക്ക് തിരഞ്ഞെടുക്കാൻ അവസരം നൽകിയിരുന്നെങ്കിൽ ഞാൻ സ്വർഗാവകാശിയായിരുന്നേനെ, ഇത് അനീതിയാണ്' എന്നായിരിക്കില്ലേ?



ഒരു എഴുത്തുകാരന് നോവലിന്റെ അവസാനം അറിയാം എന്നതുകൊണ്ട് കഥ അനാവശ്യമാകുന്നില്ല. കഥയിലെ കഥാപാത്രങ്ങൾ അവരുടെ യാത്രയിലൂടെ തന്നെയാണ് രൂപം കൊള്ളുന്നത്. മനുഷ്യൻ ഈ ലോകത്തിൽ വെറും വിധിക്കായി കാത്തിരിക്കുകയല്ല; രൂപപ്പെടുകയാണ്. ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു. സ്വഭാവം നിർമിക്കപ്പെടുന്നു. വിശ്വാസം, ക്ഷമ, നീതി, ത്യാഗം, സ്നേഹം, ഇവ പരീക്ഷണമില്ലാതെ സാർഥകമാകില്ല.

ചിലർ 'വിധി' എന്നത് മനുഷ്യന്റെ തിരഞ്ഞെടുപ്പുകളെ അപ്രസക്തമാക്കുന്നു എന്ന് കരുതുന്നു. 'എല്ലാം എഴുതപ്പെട്ടതാണെങ്കിൽ ഞാൻ എന്തിന് ശ്രമിക്കണം' എന്ന് ചോദിക്കുന്നു. നിങ്ങൾ ജനിച്ചത് നിങ്ങളുടെ തിരഞ്ഞെടുപ്പല്ല. മരണം നിങ്ങളുടെ തിരഞ്ഞെടുപ്പല്ല. പക്ഷേ ആ രണ്ട് അതിരുകൾക്കിടയിൽ നിങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നത് നിങ്ങളുടെ തെരഞ്ഞെടുപ്പാണ്.

"സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഉദ്ദേശിക്കുന്നവർ വിശ്വസിക്കട്ടെ. ഉദ്ദേശിക്കുന്നവർ അവിശ്വസിക്കട്ടെ" (ഖുർആൻ 18:29).

'അല്ലാഹുവിന് അറിയാമെങ്കിൽ നരകത്തിൽ പോകുന്നവരെ സൃഷ്ടിച്ചതെന്തിന്' എന്ന ചോദ്യവും ഇതുമായി ബന്ധപ്പെട്ടതാണ്. മനുഷ്യൻ നിർബന്ധിത

ശിക്ഷയുടെ ഇരയല്ല; തിരഞ്ഞെടുപ്പിന്റെ ഉത്തരവാദിയാണ് എന്ന യാഥാർഥ്യമാണ് പലരും അറിയാതെ പോകുന്നത്.

**മരണത്തിനപ്പുറം വിളിക്കുന്ന സത്യം**

ലേഖനത്തിന്റെ തുടക്കത്തിൽ ചോദിച്ച ചോദ്യത്തിലേക്കുതന്നെ തിരിച്ചുവരാം. 'മരണത്തോടെ എല്ലാം അവസാനിക്കുമെങ്കിൽ, നാം എന്തിന് ഇവിടെ?' മനുഷ്യമനസ്സിനെ വേട്ടയാടുന്ന ചോദ്യമാണിത്. നാം എവിടെനിന്നു വന്നു, എന്തിനാണ് ജീവിക്കുന്നത്, എവിടേക്കാണ് മടങ്ങുന്നത് എന്നീ മൂന്ന് ചോദ്യങ്ങളെയും ഒരുമിച്ചുണർത്തുന്ന ചോദ്യം. ഒരു കാര്യം വ്യക്തമാണ്; മരണത്തെ വെറും ജൈവസംഭവമായി മാത്രം വായിച്ചാൽ ജീവിതത്തിന്റെ അർഥം തകർന്നുപോകുന്നു. എന്നാൽ മരണത്തെ ഒരു കവാടമായി വായിക്കുമ്പോൾ ജീവിതം പുതിയ അർഥം പ്രാപിക്കുന്നു. കാരണം, മനുഷ്യൻ മരിക്കാനായി മാത്രം ജീവിക്കുന്നില്ല. അവൻ അർഥം തേടിയാണ് ജീവിക്കുന്നത്.

ഈ ലോകം പരീക്ഷണമാണെന്ന് ഖുർആൻ പറയുമ്പോൾ അതൊരു കേവലം ദൈവശാസ്ത്ര പ്രസ്താവനയല്ല; മനുഷ്യജീവിതത്തെ വ്യാഖ്യാനിക്കുന്ന താക്കോലാണ്: "നിങ്ങളിൽ ആരാണ് ഏറ്റവും നല്ല പ്രവൃത്തി ചെയ്യുന്നവൻ എന്ന് പരീക്ഷിക്കാനായി മരണത്തെയും ജീവിതത്തെയും സൃഷ്ടിച്ചവനാകുന്നു അവൻ" (ഖുർആൻ 67:2).

ജീവിതം മാത്രമല്ല, മരണവും സൃഷ്ടിക്കപ്പെട്ടതാണ്. അതിന് ലക്ഷ്യമുണ്ട്. അതിന് അർഥമുണ്ട്. അത് യാദൃച്ഛികമല്ല. ഈ ലോകം മാത്രമാണ് എല്ലാമെങ്കിൽ മനഃസാക്ഷി എന്തിന്? അനീതി കണ്ടാൽ ഉള്ളിൽ കത്തുന്ന നീതിബോധം എന്തിന്? എന്തുകൊണ്ട് മനുഷ്യൻ ശാശ്വതതയെ കൊതിക്കുന്നു?

ഈ ചോദ്യങ്ങൾ തന്നെ ഒരിടത്തേക്ക് വിരൽചൂണ്ടുന്നില്ലേ? മനുഷ്യൻ ഈ ലോകത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവനല്ലെന്നതിലേക്ക്? ഖുർആൻ ചോദിക്കുന്നു: "അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?"(ഖുർആൻ 23:115).

അത്ഭുതകരമായ ബോധവും ബുദ്ധിയും സ്നേഹവും ധാർമികതയും സുഖദുഃഖങ്ങളും ത്യാഗവുമൊക്കെ നിറഞ്ഞ ജീവിതം ഒടുവിൽ ശൂന്യതയിൽ വീണു അവസാനിക്കുമെന്ന് കരുതുകയാണെങ്കിൽ ജീവിതം അർഥശൂന്യമല്ലേ? ഖുർആൻ പറയുന്നു: "ആകാശത്തെയും ഭൂമിയെയും അവ രണ്ടിനുമിടയിലുള്ള തിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല"(ഖുർആൻ 21:16).

അതായത് ഈ ജീവിതത്തിന് അർഥമുണ്ട്, ലക്ഷ്യമുണ്ട് മടക്കമുണ്ട്, കണക്കെടുപ്പുണ്ട്, പ്രതിഫലമുണ്ട്. അതുകൊണ്ടുതന്നെ മരണം നീതിയിലേക്കുള്ള കവാടമാണ്. അനീതിയിൽ കൊല്ലപ്പെട്ട കുട്ടിയുടെ കരച്ചിൽ വെറുതെയല്ലെന്ന് പറയുന്ന സാക്ഷ്യം. അന്യായം ചെയ്ത അക്രമി രക്ഷപ്പെടില്ലെന്ന് പറയുന്ന ഉറപ്പ്. നന്മ പാഴാവില്ലെന്ന് പറയുന്ന വാഗ്ദാനം: "അണുവോളം നന്മ ചെയ്തവൻ അത് കാണും. അണുവോളം തിന്മ ചെയ്തവനും അത് കാണും"(ഖുർആൻ 99:7-8).

നബി(സ്വ) പറഞ്ഞു:"സുഖങ്ങളെ മുറിച്ചുകളയുന്ന മരണത്തെ കൂടുതലായി ഓർക്കുക" (തിർമിദി).

മരണസ്മരണ ജീവിതത്തെ ശുദ്ധീകരിക്കുന്നു. അഹങ്കാരത്തെ കുറക്കുന്നു. പാപത്തെ ഗൗരവത്തോടെ കാണാൻ പ്രേരിപ്പിക്കുന്നു. അല്ലാഹു സത്യനിഷേധികൾക്ക് മുന്നറിയിപ്പ് നൽകുന്നു:

"(അന്ന് സത്യനിഷേധിയോടു പറയപ്പെടും:) തീർച്ചയായും നീ ഇതിനെപ്പറ്റി അശ്രദ്ധയിലായിരുന്നു. എന്നാൽ ഇപ്പോൾ നിന്നിൽനിന്ന് നിന്റെ ആ മൂടി നാം നീക്കം ചെയ്തിരിക്കുന്നു. അങ്ങനെ നിന്റെ ദൃഷ്ടി ഇന്ന് മൂർച്ചയുള്ളതാകുന്നു"(ഖുർആൻ 50:22).

ഒരു ദിവസം ഈ മറ നീങ്ങും. അന്ന് സംശയങ്ങങ്ങൾ അവസാനിക്കും.

**ചിലർ 'വിധി' എന്നത് മനുഷ്യന്റെ തിരഞ്ഞെടുപ്പുകളെ അപ്രസക്തമാക്കുന്നു എന്ന് കരുതുന്നു. 'എല്ലാം എഴുതപ്പെട്ടതാണെങ്കിൽ ഞാൻ എന്തിന് ശ്രമിക്കണം' എന്ന് ചോദിക്കുന്നു. നിങ്ങൾ ജനിച്ചത് നിങ്ങളുടെ തിരഞ്ഞെടുപ്പല്ല. മരണം നിങ്ങളുടെ തിരഞ്ഞെടുപ്പല്ല. പക്ഷേ ആ രണ്ട് അതിരുകൾക്കിടയിൽ നിങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നത് നിങ്ങളുടെ തെരഞ്ഞെടുപ്പാണ്.**

# ഒരു ഭാര്യയുടെ സങ്കടങ്ങൾ

വി.വി. ബഷീർ വടകര
: 81569 12979

പ്രിയതമാ, വർഷങ്ങളായി ചിലതൊക്കെ അറിയിക്കണമെന്ന് എന്റെ മനസ്സ് എന്നോട് പറയുന്നു. ഒന്നരപ്പതിറ്റാണ്ട് കഴിഞ്ഞ നമ്മുടെ ദാമ്പത്യ ജീവിതത്തിനിടയിലെ ചില നഗ്നസത്യങ്ങൾ പ്രിയൻ അറിയുന്നുണ്ടോ അതല്ല അറിഞ്ഞുകൊണ്ട് മൗനം പാലിക്കുകയാണോ? പ്രവാസ ജീവിതത്തിന്റെ പ്രയാസങ്ങളിൽ ഒരു മെഴുകുതിരിയായി മറ്റുള്ളവർക്കു വേണ്ടി പ്രകാശിക്കുന്നവരാണല്ലോ പ്രവാസികൾ! സ്വയം ഉരുകുമ്പോഴും മറ്റുള്ളവർ ആസ്വദിക്കുന്ന പ്രകാശം തനിക്ക് നിർവൃതി നൽകുന്നു എന്നത് ശരിയാണ്. അതിനിടയിൽ ഓർക്കേണ്ടത് മറന്നുപോകുന്നുണ്ടോ എന്ന് സംശയിക്കുന്നു.

റബ്ബ് കനിഞ്ഞരുളിയ ദാമ്പത്യജീവിതത്തിനിടയിൽ എപ്പോഴെങ്കിലും നാട്ടിലേക്ക് വന്നു പോകുന്ന പ്രിയതമൻ മതശാസനകൾ എത്ര കണ്ടു ജീവിതത്തിന്റെ ഭാഗമാക്കുന്നു എന്ന് ചിന്തിക്കാറുണ്ടോ? കൂടുമ്പോൾ ഇമ്പം ഉണ്ടാകുന്ന കുടുംബജീവിതത്തിന്റെ സത്ത ചോർന്നുപോകാതെ സൂക്ഷിക്കാൻ ശ്രമിച്ചിക്കുന്നുണ്ടോ? 'സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, കാരണം അല്ലാഹുവിന്റെ കരാറിലാണ് നിങ്ങൾ അവരെ സ്വീകരിച്ചത്, അല്ലാഹുവിന്റെ വചനം കൊണ്ടാണ് നിങ്ങൾക്ക് അവരുടെ ലൈംഗികാവയവങ്ങളെ അനുവദനീയമാക്കിയത്' എന്ന റസൂലി(സ്വ)ന്റെ വചനം നിങ്ങൾ കേട്ടിട്ടില്ലേ?

'നിങ്ങളിൽ ഉത്തമർ തങ്ങളുടെ ഭാര്യമാരോട് സ്വഭാവം കൊണ്ട് നന്നായവരാണ്' എന്ന നബി വചനത്തിന്റെ പൊരുളറിയാത്തവരല്ലല്ലോ നിങ്ങൾ! അല്ലാഹുവിന്റെ വിധിവിലക്കുകളെ യഥാവിധി മനസ്സിലാക്കുകയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നവനല്ലേ വിശ്വാസി? അല്ലാഹുവിന്റെ കൽപനകളെയും തിരുദൂതരുടെ ചര്യകളെയും മറന്ന് ജീവിക്കുമ്പോൾ കുടുംബ ജീവിതത്തിൽ എന്ത് സംതൃപ്തിയാണ് ലഭിക്കുക? പ്രിയനേ, നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കണമെന്ന അല്ലാഹുവിന്റെ കൽപന മറന്നുപോകുന്നതെന്തേ? നമസ്കാരത്തിൽ കൃത്യനിഷ്ഠയില്ലാത്തവൻ വിശ്വാസികളിൽ പെട്ടവനല്ല എന്ന നബിവചനത്തിന്റെ ഗൗരവം ആലോചിക്കാറുണ്ടോ?

നിങ്ങൾ ചോദിച്ചല്ലോ, 'ഉമ്മയും വാപ്പയും എന്റേത് മാത്രമല്ല, മറ്റു മക്കൾക്കും നോക്കിയാലെന്താ' എന്ന്. ഒരു വിശ്വാസി എന്ന നിലയിൽ അങ്ങനെ പറഞ്ഞ് ഒഴിഞ്ഞുമാറാൻ പറ്റുമോ? പ്രായമായ അവരുടെ തൊലിയുടെ ചുളിവല്ലേ ആരോഗ്യമുള്ള നിങ്ങളുടെ തൊലിയുടെ രഹസ്യം? നിങ്ങൾക്ക് വേണ്ടി ഉപ്പ ജീവിച്ചത്, കാശ് കടം വാങ്ങി നിങ്ങളെ വിദേശത്തേക്ക് അയച്ചത്... എല്ലാം എത്ര പെട്ടെന്നാണ് മറന്നുപോയത്! എത്ര തവണയാ മാതാവുമായി നിങ്ങൾ പിണങ്ങി നിന്നത്. ഞാൻ അവരോടൊപ്പം നിന്നതിന് 'നിങ്ങളെല്ലാം എനിക്കെതിരാണ്' എന്ന് നിങ്ങൾ കുറ്റപ്പെടുത്തിയില്ലേ? പ്രിയതമാ, സ്വർഗത്തെക്കുറിച്ച് നിങ്ങൾ മറന്നുപോയി! നരകത്തിന്റെ കാഠിന്യം നിങ്ങൾ അറിയാതെപോയി!

ഇസ്‌ലാമിക വിശ്വാസകാര്യങ്ങളിൽ അടിയുറച്ചു നിൽക്കാൻ എന്റെ പ്രിയന് സാധിക്കുന്നില്ലെങ്കിൽ അതിലും വലിയ അപരാധം എന്താണുള്ളത്? മണലാരണ്യത്തിലെ ചൂടും ചൂരും വിശ്വാസത്തിലെ അചഞ്ചലതയുമാവണ്ടേ വിശ്വാസ ജീവിതത്തിന്റെ പൊരുൾ! ജീവിതത്തെ മണലാരണ്യത്തിൽ ബലികഴിക്കു മ്പോഴും കാത്തിരിക്കുന്നവളുടെ വേദനയോ ആഗ്രഹങ്ങളോ മനസ്സിലാക്കാതെ പോകുന്നു. ഒപ്പം എല്ലാം നൽകി അനുഗ്രഹിച്ച റബ്ബിന്റെ നിയമങ്ങളെയും!

പ്രിയതമാ, ഇനിയും പറയാനേറെയുണ്ട്. ഞാൻ നിർത്തുകയാണ്. നമ്മൾ കുടുംബസമേതം സ്വർഗത്തിൽ പ്രവേശിക്കാൻ നിമിത്തമാകുന്നതിലേക്ക് താങ്കൾ മടങ്ങുക. ഈ ലോകം ശാശ്വതമല്ലെന്ന് തിരിച്ചറിയുക. ഇഹലോകത്തെ അൽപകാല ജീവിതത്തിൽ അഭിമാനത്തോടെ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കുക. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ. ■

ക്വുർആനിലെ സാർവലൗകിക വിളികൾ 15



# വിശ്വാസത്തിലെ ഉറപ്പും സ്രഷ്ടാവിനെ തിരിച്ചറിയുന്നതിലെ യുക്തിയും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217

സത്യവിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും ഇടയിലുള്ള വേർതിരിവ് വ്യക്തമാക്കാനും താൻ വിശ്വസിക്കുന്ന ആദർശം എന്താണെന്ന് ലോകത്തോട് വിളിച്ചുപറയാനും പ്രവാചകനോട് അല്ലാഹു കൽപിക്കുന്ന വചനമാണിത്. വിശ്വാസിക്ക് തന്റെ ആദർശത്തെക്കുറിച്ച് യാതൊരു സംശയവുമുണ്ടാകാൻ പാടില്ലെന്ന് ഈ വചനം നമ്മെ പഠിപ്പിക്കുന്നു.

ആശയക്കുഴപ്പങ്ങളുടെയും ബഹുമുഖ ദർശനങ്ങളുടെയും നടുവിൽ ജീവിക്കുന്ന മനുഷ്യന് തന്റെ നിലപാടുകളിൽ ഉറച്ചുനിൽക്കാൻ വലിയ ആത്മബലം ആവശ്യമാണ്. ഈ വചനം കേവലം ഒരു പ്രഖ്യാപനമല്ല, മറിച്ച് സംശയങ്ങളുടെ ലോകത്ത് നിശ്ചയദാർഢ്യത്തിന്റെ നങ്കൂരമിടലാണ്. സത്യം ബോധ്യപ്പെട്ട ഒരു ഹൃദയത്തിന് ആൾക്കൂട്ടത്തിന്റെ ബഹളങ്ങൾക്കിടയിലും ഏകനായി നിന്ന് സത്യം വിളിച്ചുപറയാൻ കഴിയണമെന്ന വലിയ പാഠമാണ് ഇവിടെ അറിയിക്കുന്നത്.

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى شَكٍّ مِّن دِينِى فَلَآ أَعْبُدُ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ وَلَـٰكِنْ أَعْبُدُ ٱللَّهَ ٱلَّذِى يَتَوَفَّىٰكُمْ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُؤْمِنِينَ ﴿١٠٤﴾

“(നബിയേ) പറയുക: ജനങ്ങളേ, എന്റെ മതത്തെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ (നിങ്ങൾ മനസ്സിലാക്കുക;) അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരെ ഞാൻ ആരാധിക്കുകയില്ല. പക്ഷേ, നിങ്ങളെ മരിപ്പിക്കുന്നവനായ അല്ലാഹുവെ ഞാൻ ആരാധിക്കുന്നു. സത്യവിശ്വാസികളുടെ കൂട്ടത്തിലായിരിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്” (ക്വുർആൻ 10:104).

**നിർഭയമായ ആദർശ പ്രഖ്യാപനം**

താൻ വിശ്വസിക്കുന്ന ആദർശം സത്യമാണെന്ന് ബോധ്യപ്പെട്ട ഒരാൾക്ക് അത് ലോകത്തിന് മുന്നിൽ പറയാൻ മടിയുണ്ടാകില്ല. ‘നിങ്ങൾക്ക് സംശയമുണ്ടാകാം; പക്ഷേ, എനിക്ക് എന്റെ കാര്യത്തിൽ പൂർണമായ വ്യക്തതയുണ്ട്’ എന്ന നിലപാടാണ് ഇവിടെ പ്രവാചകൻ (സ്വ) സ്വീകരിക്കുന്നത്.

സത്യവിശ്വാസി തന്റെ ആദർശത്തിൽ ഒരിക്കലും വിട്ടുവീഴ്ച ചെയ്യില്ല. മറ്റുള്ളവർ എന്തു വിചാരിക്കും എന്ന് കരുതിയോ ഭൂരിപക്ഷത്തിന് ഒപ്പം നിൽക്കാൻ വേണ്ടിയോ തന്റെ വിശ്വാസം ഒളിച്ചുവെക്കേണ്ടതില്ല എന്ന് ഈ വചനം പഠിപ്പിക്കുന്നു. സംശയങ്ങളുടെ പുകമറകൾക്കിടയിൽ സത്യത്തിന്റെ വെളിച്ചം ഉയർത്തിപ്പിടിക്കുക എന്നതാണ് ഒരു വിശ്വാസിയുടെ കടമ.

ഭൂരിപക്ഷം തെറ്റായ വഴിയിൽ സഞ്ചരിക്കുന്നു എന്നതുകൊണ്ട് മാത്രം ആ വഴി ശരിയാകണമെന്നില്ല. ലോകം മുഴുവൻ ഒരുവശത്തും സത്യം മറുവശത്തുമാണെങ്കിൽ, സത്യത്തോടൊപ്പം നിൽക്കാനുള്ള ധീരതയാണ് വിശ്വാസം ആവശ്യപ്പെടുന്നത്. നാവുകൊണ്ട് മാത്രമല്ല, കർമങ്ങൾകൊണ്ടും നിലപാടുകൾ കൊണ്ടും തന്റെ അനന്യത ലോകത്തിന് മുന്നിൽ പ്രകടിപ്പിക്കാൻ വിശ്വാസിക്ക് ഈ വചനം കരുത്ത് പകരുന്നു.

**വിശ്വാസി എന്ന പദവി അല്ലാഹു നൽകുന്ന ഏറ്റവും വലിയ ബഹുമതിയാണ്. ഈ വട്ടത്തിന് പുറത്ത് പല ആകർഷണങ്ങളും ഉണ്ടാകാം. പക്ഷേ, സ്രഷ്ടാവിന്റെ മുമ്പിൽ വിജയിച്ചവരുടെ ഗണത്തിൽ പെടുക എന്നതിനെക്കാൾ വലിയ നേട്ടം മറ്റൊന്നുമില്ല. ആദർശബോധമുള്ള ഒരു സമൂഹത്തിന്റെ ഭാഗമാകുക എന്നത് വ്യക്തിയുടെ സ്വഭാവശുദ്ധിയെയും ലക്ഷ്യബോധത്തെയും ഊട്ടിയുറപ്പിക്കുന്നു. ഈ ലക്ഷ്യത്തിലേക്ക് നടന്നുകയറുന്നവന് പരലോകത്ത് നിത്യമായ സമാധാനമാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്.**

**ആരാധ്യനിലെ വ്യക്തത**

അല്ലാഹുവിനെ അല്ലാതെ ജനങ്ങൾ ആരാധിക്കുന്ന മറ്റെന്തിനെയും താൻ നിഷേധിക്കുന്നു എന്ന് പ്രവാചകൻ ഇവിടെ പ്രഖ്യാപിക്കുന്നു. സൃഷ്ടികളെയല്ല, സ്രഷ്ടാവിനെയാണ് ആരാധിക്കേണ്ടതെന്ന വലിയ പാഠമാണ് ഇതിലുള്ളത്. മനുഷ്യൻ നിർമിച്ചെടുത്ത വിഗ്രഹങ്ങൾക്കോ പ്രകൃതിശക്തികൾക്കോ മറ്റു ജീവികൾക്കോ ഒന്നുംതന്നെ മനുഷ്യന്റെ പ്രാർഥനകൾ കേൾക്കാനോ ഗുണമോ ദോഷമോ വരുത്താനോ കഴിയില്ല. അർഥശൂന്യമായ ആരാധനകളിൽ നിന്ന് മാറി, ഏകനായ സ്രഷ്ടാവിലേക്ക് മാത്രം തിരിയുക എന്നതാണ് ബുദ്ധിയുള്ള മനുഷ്യന് ചേർന്നത്. ഈ വരികളിലൂടെ ആരാധനയുടെ അർഹതയുള്ള ഏക ഇലാഹിനെ ക്വുർആൻ കൃത്യമായി വരച്ചുകാട്ടുന്നു.

മനുഷ്യൻ സ്വന്തം ആഗ്രഹങ്ങൾക്കും താൽപര്യങ്ങൾക്കും അനുസരിച്ച് നിർമിച്ചെടുക്കുന്ന ദൈവങ്ങൾക്കും ആശയങ്ങൾക്കും മനുഷ്യനെ മോചിപ്പിക്കാനാവില്ല. ആരാധന എന്നത് ആത്മസമർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും വിനയത്തിന്റെയും അങ്ങേയറ്റമാണ്; അത് പ്രപഞ്ചനാഥന് മാത്രം സമർപ്പിക്കുമ്പോൾ മനുഷ്യൻ മറ്റെല്ലാ

വിധേയത്വങ്ങളിൽനിന്നും സ്വതന്ത്രനാകുന്നു.

**മരിപ്പിക്കുന്നവൻ**

ഈ വചനത്തിൽ അല്ലാഹുവിനെ വിശേഷിപ്പിക്കാൻ 'നിങ്ങളെ മരിപ്പിക്കുന്നവൻ' എന്ന പ്രയോഗമാണ് ഉപയോഗിച്ചത്. ഇത് മനുഷ്യന്റെ ഹൃദയത്തിൽ തട്ടുന്ന ഒരു ചിന്തയാണ്. കാരണം, മരണത്തെ തടയാൻ ലോകത്തുള്ള ആർക്കും കഴിയില്ല.

നിങ്ങൾ ആരാധിക്കുന്ന ശക്തികൾക്ക് ആരുടെയെങ്കിലും ജീവൻ നിലനിർത്താനോ മരണം മാറ്റി വെക്കാനോ സാധിക്കുമോ? ഇല്ല എന്ന് നമുക്കറിയാം. മരണം ആരുടെ കൈയിലാണോ, അവനാണ് യഥാർഥ നിയന്താവ്. എല്ലാവരും ഒരുദിവസം മരിക്കേണ്ടവരാണെന്നും നമ്മെ മരിപ്പിക്കുന്നവന്റെ മുന്നി ലേക്കാണ് നാം മടങ്ങേണ്ടതെന്നുമുള്ള ഓർമപ്പെടുത്തൽ ഇതിലുണ്ട്. ജീവിതവും മരണവും നിയന്ത്രിക്കുന്നവനെ മാത്രമെ നാം അഭൗതികമായി ഭയപ്പെടാനും ആരാധിക്കാനും പാടുള്ളൂ.

മരണം എന്നത് എല്ലാവരും ഒരുപോലെ അംഗീകരിക്കുന്ന ഏക യാഥാർഥ്യമാണ്. ആയുസ്സിന്റെ നൂലിഴ മുറിക്കാൻ അധികാരമുള്ളവൻ ആരെന്ന ചോദ്യത്തിന് മുന്നിൽ മനുഷ്യൻ നിസ്സഹായനാകുന്നു. തനിക്ക് നൽകപ്പെട്ട ശ്വാസത്തെ തിരിച്ചെടുക്കുന്ന ശക്തിയുടെ മുന്നിൽ കീഴടങ്ങുന്നതാണ് യുക്തിയെന്ന് ഖുർആൻ ഓർമിപ്പിക്കുന്നു. നമ്മെ മരണത്തിന് വിട്ടുകൊടുക്കുന്നവനോടുള്ള വിധേയത്വമാണ് ഏറ്റവും ഉചിതമായ നന്ദിയെന്ന് ഈ വചനം അടയാളപ്പെടുത്തുന്നു.



**മനുഷ്യൻ സ്വന്തം ആഗ്രഹങ്ങൾക്കും താൽപര്യങ്ങൾക്കും അനുസരിച്ച് നിർമിച്ചെടുക്കുന്ന ദൈവങ്ങൾക്കും ആശയങ്ങൾക്കും മനുഷ്യനെ മോചിപ്പിക്കാനാവില്ല. ആരാധന എന്നത് ആത്മസമർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും വിനയത്തിന്റെയും അങ്ങേയറ്റമാണ്; അത് പ്രപഞ്ചനാഥന് മാത്രം സമർപ്പിക്കുമ്പോൾ മനുഷ്യൻ മറ്റെല്ലാ വിധേയത്വങ്ങളിൽ നിന്നും സ്വതന്ത്രനാകുന്നു.**

**വിശ്വാസികളിൽ ഉൾപ്പെടുക എന്ന ലക്ഷ്യം**

'ഞാൻ വിശ്വാസികളിൽ പെട്ടവനായിരിക്കണമെന്നാണ് കൽപിക്കപ്പെട്ടിട്ടുള്ളത്' എന്ന് പറയുന്ന തിലൂടെ ഒരു ജീവിതലക്ഷ്യം പ്രഖ്യാപിക്കുകയാണ്. വിശ്വാസം എന്നത് കേവലം ഒരു വാക്ക് മാത്രമല്ല, അതൊരു ജീവിതരീതിയാണ്. ദൈവകൽപനകൾ അനുസരിച്ചും അവന്റെ തൃപ്തി മാത്രം ലക്ഷ്യംവെച്ചും ജീവിക്കുന്ന ഒരു സമൂ ഹത്തിന്റെ ഭാഗമായി മാറുക എന്നതാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഉന്നതി. ലോക ത്തിന്റെ പ്രലോഭനങ്ങളിൽ വീഴാതെ, സത്യവിശ്വാസികളുടെ പാതയിൽ ഉറച്ചുനിൽക്കാനുള്ള കരുത്ത് ഈ പ്രഖ്യാപനം നൽകുന്നു.

വിശ്വാസി എന്ന പദവി അല്ലാഹു നൽകുന്ന ഏറ്റവും വലിയ ബഹുമതിയാണ്. ഈ വട്ടത്തിന് പുറത്ത് പല ആകർഷണങ്ങളും ഉണ്ടാകാം. പക്ഷേ, സ്രഷ്ടാവിന്റെ മുമ്പിൽ വിജയിച്ചവരുടെ ഗണത്തിൽ പെടുക എന്നതിനെക്കാൾ വലിയ നേട്ടം മറ്റൊന്നുമില്ല. ആദർശബോധമുള്ള ഒരു സമൂഹത്തിന്റെ ഭാഗമാകുക എന്നത് വ്യക്തിയുടെ സ്വഭാവശുദ്ധിയെയും ലക്ഷ്യബോധത്തെയും ഊട്ടിയുറപ്പിക്കുന്നു. ഈ ലക്ഷ്യത്തിലേക്ക് നടന്നുകയറുന്നവന് പരലോകത്ത് നിത്യമായ സമാധാനമാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്. ■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

**10 – 11**

وَإِذْ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئْتِ ٱلْقَوْمَ ٱلظَّٰلِمِينَ

നിന്റെ രക്ഷിതാവ് മൂസായെ വിളിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) നീ ആ അക്രമികളായ ജനങ്ങളുടെ അടുത്തേക്ക് ചെല്ലുക.

﴿١٠﴾ قَوْمَ فِرْعَوْنَ ۚ أَلَا يَتَّقُونَ ﴿١١﴾

അതായത്, ഫിർഔനിന്റെ ജനതയുടെ അടുക്കലേക്ക്. അവർ സൂക്ഷ്മത പാലിക്കുന്നില്ലേ? (എന്നു ചോദിക്കുക).

*10,11). അല്ലാഹു മൂസാ നബി(അ)യെ വിളിക്കുകയും അദ്ദേഹത്തോട് നേരിട്ട് സംസാരിക്കുകയും തന്റെ ദൂതനും പ്രവാചകനുമായി നിയമിക്കുകയും ചെയ്ത സന്ദർഭം ഓർക്കുക. (അക്രമികളായ ജനങ്ങളുടെ അടുത്തേക്ക് പോവുക) ഭൂമിയിൽ അഹങ്കരിച്ചവരും അവിടുത്തെ ജനങ്ങളെ അവജ്ഞയോടെ കാണുകയും ചെയ്തവരായ അവരുടെ നേതാവാകട്ടെ താൻ ദൈവമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. (ഫിർഔനിന്റെ ജനത, അവർ സൂക്ഷ്മത പാലിക്കുന്നില്ലേ?) ഫിർഔനിന്റെ ജനതയോട് സ്നേഹത്തോടെയും സൗമ്യതയോടെയും പറയുക. അവരെ സൃഷ്ടിക്കുകയും അവർക്ക് ഉപജീവനം നൽകുകയും ചെയ്ത അല്ലാഹുവിനെ അവർ ഭയപ്പെടുന്നില്ലേ?*

**12 – 14**

قَالَ رَبِّ إِنِّىٓ أَخَافُ أَن يُكَذِّبُونِ ﴿١٢﴾

അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവേ, അവർ എന്നെ നിഷേധിച്ചുതള്ളുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു.'

وَيَضِيقُ صَدْرِى وَلَا يَنطَلِقُ لِسَانِى فَأَرْسِلْ إِلَىٰ هَٰرُونَ ﴿١٣﴾

'എന്റെ ഹൃദയം ഞെരുങ്ങിപ്പോകും. എന്റെ നാവിന് ഒഴുക്കുണ്ടാവുകയില്ല. അതിനാൽ ഹാറൂന്ന് കൂടി നീ സന്ദേശം അയക്കേണമേ.

وَلَهُمْ عَلَىَّ ذَنۢبٌ فَأَخَافُ أَن يَقْتُلُونِ ﴿١٤﴾

'അവർക്ക് എന്റെ പേരിൽ ഒരു കുറ്റം ആരോപിക്കാനുമുണ്ട്. അതിനാൽ അവർ എന്നെ കൊന്നേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.'

*12-14). മൂസാ(അ) തന്റെ രക്ഷിതാവിനോട് ക്ഷമാപണം നടത്തി തന്റെ ബലഹീനതകൾ തന്റെ രക്ഷിതാവിനോട് പറയുകയും ഭാരമേറിയ തന്റെ ഉത്തരവാദിത്തത്തിൽ തന്നെ സഹായിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. (അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, അവർ എന്നെ നിഷേധിച്ചുതള്ളുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു. എന്റെ ഹൃദയം ഞെരുങ്ങിപ്പോകും. എന്റെ നാവിന് ഒഴുക്കുമുണ്ടാവില്ല).*

قَالَ رَبِّ اشْرَحْ لِي صَدْرِي ﴿٢٥﴾ وَيَسِّرْ لِي أَمْرِي ﴿٢٦﴾ وَاحْلُلْ عُقْدَةً مِّن لِّسَانِي ﴿٢٧﴾ يَفْقَهُوا قَوْلِي ﴿٢٨﴾ وَاجْعَل لِّي وَزِيرًا
مِّنْ أَهْلِي ﴿٢٩﴾ هَارُونَ أَخِي ﴿٣٠﴾

*"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിനായി എന്റെ നാവിൽനിന്ന് നീ കെട്ടഴിച്ചുതരേണമേ. എന്റെ കുടുംബത്തിൽനിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപ്പെടുത്തുകയും ചെയ്യേണമേ. അതായത് എന്റെ സഹോദരൻ ഹാറൂനെ" (20:25-30).*

*അല്ലാഹു അദ്ദേഹത്തിന്റെ അഭ്യർഥന മാനിക്കുകയും അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂനിനെ അദ്ദേഹത്തെ നിയോഗിച്ച പോലെ നിയോഗിക്കുകയും ചെയ്തു. (ഒരു സഹായിയായിക്കൊണ്ട് അവനെ നീയോഗിക്കേണമേ) എന്റെ കാര്യങ്ങൾക്കുള്ള ഒരു സഹായി. (അവർക്ക് എന്റെ പേരിൽ ഒരു കുറ്റം ആരോപിക്കാനുണ്ട്) അതായത് ഖിബ്ത്വിയെ കൊന്ന കാര്യത്തിൽ. (അതിനാൽ അവർ എന്നെ കൊന്നേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു).*

**15 – 17**

قَالَ كَلَّا ۖ فَاذْهَبَا بِآيَاتِنَا ۖ إِنَّا مَعَكُم مُّسْتَمِعُونَ ﴿١٥﴾

അല്ലാഹു പറഞ്ഞു: 'ഒരിക്കലുമില്ല, നമ്മുടെ ദൃഷ്ടാന്തങ്ങളുംകൊണ്ട് നിങ്ങൾ ഇരുവരും പോയിക്കൊള്ളുക. തീർച്ചയായും നിങ്ങളോടൊപ്പം നാം ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്.

فَأْتِيَا فِرْعَوْنَ فَقُولَا إِنَّا رَسُولُ رَبِّ الْعَالَمِينَ ﴿١٦﴾

എന്നിട്ട് നിങ്ങൾ ഫിർഔനിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറയുക: തീർച്ചയായും ഞങ്ങൾ ലോകരക്ഷിതാവിങ്കൽ നിന്ന് നിയോഗിക്കപ്പെട്ട ദൂതൻമാരാകുന്നു.

أَنْ أَرْسِلْ مَعَنَا بَنِي إِسْرَائِيلَ ﴿١٧﴾

ഇസ്രാഈൽ സന്തതികളെ ഞങ്ങളോടൊപ്പംഅയച്ചുതരണം എന്ന നിർദേശവുമായിട്ട്.

*15-17). (അല്ലാഹു പറഞ്ഞു: ഒരിക്കലുമില്ല) അവർക്ക് നിങ്ങളെ കൊല്ലാൻ കഴിയില്ല. നിങ്ങൾക്ക് രണ്ടുപേർക്കും അധികാരം നൽകും. അവർക്ക് ഉപദ്രവിക്കാൻ കഴിയില്ല. നിങ്ങൾ രണ്ടുപേരും നിങ്ങളെ പിൻപറ്റിയവരും തന്നെയാണ് വിജയികൾ. അതിനാൽ മൂസാനബിയെ എതിർക്കുകയും അദ്ദേഹത്തോട് ഏറ്റുമുട്ടുകയും അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ വിഡ്ഢിത്തമായും അദ്ദേഹത്തെയും അനുയായികളെയും പിഴച്ചവരായി കണക്കാക്കുകയും ചെയ്തിട്ടും ഫിർഔനിന് മൂസാ നബിയെ കൊല്ലാനായില്ല. (നമ്മുടെ ദൃഷ്ടാന്തങ്ങളും കൊണ്ട് നിങ്ങൾ രണ്ടുപേരും പോകുക) നിങ്ങളുടെ സത്യതയും നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തിന്റെ സുസ്ഥിരതയും സ്ഥാപിക്കുന്ന ദൃഷ്ടാന്തങ്ങളുമായി നിങ്ങൾ രണ്ടുപേരും പോകൂ. (തീർച്ചയായും നിങ്ങളോടൊപ്പം നാം ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്) നാം നിങ്ങളോടൊപ്പം ഉണ്ടാകും. നിങ്ങളെ ശ്രദ്ധിച്ചും സംരക്ഷിച്ചും പരിപാലിച്ചും. (എന്നിട്ട് നിങ്ങൾ ഫിർഔനിന്റെ അടുക്കൽ ചെന്ന് ലോകരക്ഷിതാവിങ്കൽ നിന്ന് നിയോഗിക്കപ്പെട്ട ദൂതന്മാരാണ് ഞങ്ങൾ എന്ന് പറയുക). നിങ്ങൾ അവനിലും ഞങ്ങളിലും വിശ്വസിക്കുന്നതിനും അവനെ ആരാധിക്കുന്നതിനും അവന്റെ ഏകത്വത്തെ അംഗീകരിക്കാനും താങ്കളോട് പറയാൻ ഞങ്ങളെ താങ്കളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു. (ഇസ്രായേൽ സന്തതികളെ ഞങ്ങളോടൊപ്പം അയച്ചുതരണം) അവരെ പീഡിപ്പിക്കുന്നത് നിർത്തുക. അവരെ വിട്ടേക്കുക. അവർ അവരുടെ രക്ഷിതാവിനെ ആരാധിക്കുകയും അവരുടെ മതം അനുഷ്ഠിക്കുകയും ചെയ്യട്ടെ.*

വൈദ്യശാസ്ത്രം: മുസ്ലിംകളുടെ സംഭാവനകൾ 10




# അബൂബക്കർ റാസി:

## വൈദ്യ ശാസ്ത്രത്തിലെ ഇതിഹാസം

ഡോ. ടി.കെ. യൂസുഫ്
: 9349798262

ഇസ്ലാമിക നാഗരികതയുടെ പര്യായമായി വിശേഷിപ്പിക്കാൻ പറ്റിയ ഒരു വ്യക്തിയാണ് ഇമാം റാസി. കാരണം, അദ്ദേഹം കേവലം ഒരു ഭിഷഗ്വരനോ അധ്യാപകനോ ആയിരുന്നില്ല. വൈദ്യശാസ്ത്രത്തെ പോലെ വേറെയും ധാരാളം വിജ്ഞാന ശാഖകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അബൂബക്കർ മുഹമ്മദ് ബിൻ യഹ്‌യ ബിൻ സകരിയ്യ അൽറാസി എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. ടെഹ്റാനിൽ നിന്ന് ഏതാനും കിലോമീറ്റർ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന 'റയ്യ്' എന്ന സ്ഥലത്താണ് അദ്ദേഹം 864ൽ ജനിച്ചത്. ചെറുപ്പം മുതൽതന്നെ വിജ്ഞാനകുതുകിയായിരുന്ന അദ്ദേഹം റയ്യിൽനിന്ന് തന്നെയാണ് മതവും വൈദ്യശാസ്ത്രവും തത്വചിന്തയും പഠിച്ചത്. അവിടെയുള്ള പണ്ഡിതർ അദ്ദേഹത്തിന്റെ വിജ്ഞാനതൃഷ്ണ ശമിപ്പിക്കാതെ വന്നപ്പോൾ അദ്ദേഹം ബാഗ്ദാദിലേക്ക് പുറപ്പെട്ടു. അവിടെ വെച്ച് അദ്ദേഹം വൈദ്യപഠനത്തിനാണ് മുൻഗണന നൽകിയത്. ലോകത്തിലെതന്നെ ആദ്യത്തെ വൈദ്യവിജ്ഞാന കോശമായ 'ഫിർദൗസുൽ ഹിക്മ' എന്ന ഗ്രന്ഥം രചിച്ച അലിയ്യ് ബിൻ സൈൻ അത്ത്വബ്‌രിയായിരുന്നു അദ്ദേഹത്തിന്റെ ഗുരു.

എ.ഡി ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ച അബൂബക്കർ റാസി ക്ലിനിക്കൽ മെഡിസിന്റെ ആചാര്യനായിട്ടാണ് അറിയപ്പെടുന്നത്. രോഗ ചികിത്സയിൽ രാസ സംയുക്തങ്ങൾ ഉപയോഗിക്കാൻ

തുടങ്ങിയത് അദ്ദേഹമാണ്. ജീവികളുടെ കുടലിൽനിന്നും നിർമിച്ചെടുക്കുന്ന നൂൽ ശസ്ത്രക്രിയക്ക് ശേഷം മുറിവ് തുന്നാൻ പ്രയോജനപ്പെടുത്തിയതും അദ്ദേഹമാണ്. രോഗികളുടെ രോഗവിവരവും ചികിത്സയും അത് അവരിൽ ഉണ്ടാക്കുന്ന മാറ്റവും രേഖപ്പെടുത്തുന്ന ഒരു ഫയൽ അദ്ദേഹം സൂക്ഷിച്ചിരുന്നു. രോഗപ്പകർച്ചയുടെ ജനിതക കാരണങ്ങൾ കണ്ടെത്തിയ അദ്ദേഹം മരുന്ന് പരീക്ഷണത്തിന് മൃഗങ്ങളെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. 'കിതാബുൽ ഹാവി'യാണ് റാസിയുടെ ഏറ്റവും പ്രസിദ്ധ ഗ്രന്ഥമായി പരിഗണിക്കപ്പെടുന്നത്.

പ്രസിദ്ധ ഗ്രീക്ക് ഭിഷഗ്വരനായ ഗാലന്റെ ചില അബദ്ധങ്ങൾ റാസി തന്റെ 'അശ്ശുകൂക് അലാ ഗാലിയാനൂസ്' എന്ന കൃതിയിലൂടെ തിരുത്തുകയും അതിലെ തെറ്റായ ധാരണകൾ സവിസ്തരം വിവരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യവുമായി ബന്ധമുള്ള രസതന്ത്രം, സസ്യശാസ്ത്രം എന്നിവയിലും റാസി അവഗാഹം നേടിയതായി കാണാം. ഒരുപാട് വർഷങ്ങൾ വൈദ്യപഠനത്തിനു വേണ്ടി ഉഴിഞ്ഞുവെച്ചതിന് ശേഷമാണ് റാസിക്ക് ഈ രംഗത്ത് പ്രസിദ്ധനാകാൻ കഴിഞ്ഞത്. ഇസ്‌ലാമിക ലോകത്ത് അന്ന് പ്രസിദ്ധമായിരുന്ന മിക്ക ആശുപത്രികളുടെയും മേധാവിയായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. അക്കാലത്ത് മാറാരോഗങ്ങളായി ഗണിച്ചിരുന്ന പലതും അദ്ദേഹം സുഖപ്പെടുത്തിയതോടുകൂടി എല്ലാവരും അദ്ദേഹത്തെ അറിയുന്ന ഒരു അവസ്ഥ സംജാതമായി. അബ്ബാസിയ്യ ഭരണത്തിലെ മന്ത്രിയായിരുന്ന അള്‍ദുദ്ദൗല അദ്ദേഹത്തെക്കുറിച്ച് കേൾക്കുകയും ബാഗ്ദാദിലെ അള്‍ദി

**ആധുനിക വൈദ്യശാസ്ത്രം ഹോളിസ്റ്റിക് മെഡിസിൻ എന്ന ഒരു വിഭാഗത്തിലും ഗവേഷണം നടത്തുന്നുണ്ട്. വാക്കുകളിലും വിചാരങ്ങളിലും കർമങ്ങളിലും ഒരാൾ ശുദ്ധി പുലർത്തുകയാണെങ്കിൽ രോഗങ്ങൾ വരികയില്ലെന്നാണ് ഈ സിദ്ധാന്തത്തിന്റെ ആകെത്തുക. ഈ വിഷയം പരാമർശിക്കുന്ന 'അത്ത്വിബ്ബുർറൂഹാനി' എന്ന ഒരു ഗ്രന്ഥവും റാസി രചിച്ചിട്ടുണ്ട്. ആത്മസംസ്കരണത്തിനും ദേഹേഛകൾ വെടിയാനും ദുശ്ശീലങ്ങൾക്കെതിരെ പോരാടാനുള്ള മാനസിക ശക്തിയാർജിക്കാനാണ് ഇതിൽ ആവശ്യപ്പെടുന്നത്.**

ആശുപത്രിയുടെ മേധാവിത്വം അദ്ദേഹത്തെ ഏൽപിക്കുകയും ചെയ്തു. അമ്പതോളം ഡോക്ടർമാർ സേവനം ചെയ്തിരുന്ന അക്കാലത്തെ ഏറ്റവും വലിയ ആതുരാലയമായിരുന്ന അത് ഒരു ഉന്നത മെഡിക്കൽ കോളേജായിരുന്നു. റാസി അന്ന് ബാഗ്ദാദിലെ മാത്രമല്ല ലോകത്ത് എല്ലായിടത്തുമുള്ള ഡോക്ടർമാർക്ക് ഒരു അവലംബമായിരുന്നു. അദ്ദേഹത്തിന് ഈ മഹത്ത്വം യാദൃച്ഛികമായി ലഭിച്ചതായിരുന്നില്ല, മറിച്ച് കഠിനാധ്വാനത്തിലൂടെയും സ്ഥിരോത്സാഹത്തിലൂടെയും നേടിയതായിരുന്നു.

റാസിയുടെ കാലഘട്ടത്തിൽ ഗ്രീക്ക്, പേർഷ്യൻ, ഇന്ത്യൻ, ഈജിപ്ഷ്യൻ... തുടങ്ങിയ വൈദ്യവിധികൾ പ്രചാരത്തിലുണ്ടായിരുന്നു. വിവർത്തനങ്ങളിലൂടെ അദ്ദേഹം അതെല്ലാം പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്തു. വൈദ്യസിദ്ധാന്തങ്ങൾ മാത്രം അവലംബിക്കാതെ പ്രായോഗിക വൈദ്യത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നത്. റാസി തന്റെ രോഗികളോട് രോഗവുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും ചോദിച്ചിരുന്നു. ആധുനിക വൈദ്യം പല മരുന്നുകളും ആദ്യമായി പരീക്ഷിക്കുന്നത് പല ജീവികളിലുമാണ്. എന്നാൽ റാസി മരുന്നു കൾ കുരങ്ങുകളിൽ പരീക്ഷിച്ചു കൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. ഓപ്പറേഷൻ ചെയ്താൽ തുന്നാൻ പൂച്ചയുടെ കുടലിൽനിന്നും നിർമിച്ചെടുത്ത നൂലാണ് ഉപയോഗിച്ചിരുന്നത്. വളരെ അടുത്ത കാലംവരെ ആ രീതി തുടർന്നിരുന്നു. സിരകളിലെ രക്തസ്രാവവും ധമനികളിലെ രക്തസ്രാവവും നിർത്തുന്നതിന് അദ്ദേഹം രണ്ട് രീതികളാണ് പ്രയോഗിച്ചിരുന്നത്. പനി ഒരു രോഗമല്ലെന്നും രോഗലക്ഷണം മാത്രമാണെന്നും സമർഥിച്ച അദ്ദേഹമാണ് ആദ്യമായി ചികിത്സയിൽ 'അവീൻ' ഉപയോഗിച്ചത്.

രാസപദാർഥങ്ങൾ ഔഷധമായി നിർദേശിച്ചിരുന്ന റാസി പോഷകാഹാരവും പച്ചമരുന്നുകളും ഫലിക്കാതെ വരുന്ന ഘട്ടങ്ങളിൽ മാത്രമാണ് അവ നൽകിയിരുന്നത്. റാസിയുടെ അപാരമായ ബുദ്ധിവൈഭവം വെളിപ്പെടുത്തുന്ന ധാരാളം സംഭവങ്ങളുണ്ട്. അതിലൊന്ന് ബാഗ്ദാദിൽ ആശുപത്രി നിർമാണത്തിനുള്ള സ്ഥലം തെരഞ്ഞെടുത്ത രീതിയാണ്. നാലു

സ്ഥലങ്ങളാണ് ആശുപത്രിക്കുവേണ്ടി ഉണ്ടായിരുന്നത്. ഈ നാലു സ്ഥലങ്ങളിലും ഓരോ മാംസക്കഷ്ണം കൊണ്ടുവെച്ചിട്ട് ഏത് സ്ഥലത്താണ് ഏറ്റവും കൂടുതൽ സമയം കേടുകൂടാതിരിക്കുന്നത് എന്ന് നോക്കിയാണ് അത് തെരഞ്ഞെടുത്തത്. ജീവിതത്തിന്റെ മുഴുവൻ സമയവും അദ്ദേഹം വൈദ്യത്തിനുവേണ്ടി ചെലവഴിച്ചു. ഒന്നുകിൽ രോഗികളുടെ കൂടെ, അല്ലെങ്കിൽ വിദ്യാർഥികളുടെ കൂടെ. ബാക്കി സമയം ഗ്രന്ഥ രചനയും പാരായണവും. 113 ഗ്രന്ഥങ്ങളും 28 പ്രബന്ധങ്ങളും വൈദ്യശാസ്ത്ര രംഗത്തെ സംഭാവനകാളാണ്. 'അൽ ഹാവീ ഫീ ഇൽമിത്തദാവീ' എന്ന സർവ വിജ്ഞാന കോശമാണ് അവയിൽ ഏറ്റവും ലോകപ്രസിദ്ധമായിട്ടുള ളത്. ഒട്ടുമിക്ക യൂറോപ്യൻ ഭാഷകളിലേക്കും ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1486ൽ വടക്കൻ ഇറ്റലിയിലെ ബ്രേഷ്യയിലാണ് ആദ്യമായി ഇത് അച്ചടിച്ചത്. അച്ചടിയന്ത്രം കണ്ടെത്തിയതിന് ശേഷം അച്ചടിക്കപ്പെടുന്ന ഏറ്റവും ബൃഹത്തായ ഗ്രന്ഥം ഇതായിരിക്കും. 25 വാള്യങ്ങളുള്ള ഈ മഹദ്ഗ്രന്ഥം പതിനാറാം നൂറ്റാണ്ടിൽ വീണ്ടും ഇറ്റലി യിൽ അച്ചടിക്കപ്പെട്ടിട്ടുണ്ട്.

പത്ത് വാള്യങ്ങളുള്ള 'അൻമൻസൂരി' എന്ന ഗ്രന്ഥമാണ് റാസി വൈദ്യശാസ്ത്രത്തിന് നൽകിയ മറ്റൊരു സംഭാവന. ഖുറാസാനിലെ ഭരണാധികാരിയായിരുന്ന മൻസൂർ ബിൻ ഇസ്ഹാഖിലേക്ക് ചേർത്തുകൊണ്ടാണ് ആ പേര് നൽകിയത്. നേത്രരോഗങ്ങൾ, ആന്തരിക രോഗങ്ങൾ, ശസ്ത്രക്രിയ എന്നിവ വിശദമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ലാറ്റിൻ, ജർമൻ, ഇംഗ്ലീഷ്, ഹിബ്രൂ എന്നീ ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുണ്ട്. 1481ൽ മിലാനിലാണ് ആദ്യമായി അത് പ്രസിദ്ധീകരിച്ചത്. പതിനേഴാം നൂറ്റാണ്ടുവരെ യൂറോപ്യന്മാരുടെ അവലംബം അതായിരുന്നു. വൈദ്യരംഗത്തുള്ള കണ്ടെത്തലുകൾ ആ വ്യക്തികളുടെ പേര് സഹിതമാണ് അദ്ദേഹം ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരുന്നത്. അതുകൊണ്ട്തന്നെ ഗാലൻ, ഹിപ്പോക്രാറ്റസ്, അർമാനിസൂസ്, തുടങ്ങിയ പൂർവികരുടെയും യഹ്‌യ ബിൻ മാസിവൈഹി, ഹനീൻ ബിൻ ഇസ്ഹാഖ് എന്നീ സമകാലീനരുടെയും പേരുകൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ കാണാവു ന്നതാണ്.

ആധുനിക വൈദ്യശാസ്ത്രം ഹോളിസ്റ്റിക് മെഡിസിൻ എന്ന ഒരു വിഭാഗത്തിലും ഗവേഷണം നടത്തുന്നുണ്ട്. വാക്കുകളിലും വിചാരങ്ങളിലും കർമങ്ങളിലും ഒരാൾ ശുദ്ധി പുലർത്തുകയാണെങ്കിൽ രോഗങ്ങൾ വരികയില്ലെന്നാണ് ഈ സിദ്ധാന്തത്തിന്റെ ആകെത്തുക. ഈ വിഷയം പരാമർശിക്കുന്ന 'അത്ത്വിബ്ബുർ റൂഹാനി' എന്ന ഒരു ഗ്രന്ഥവും റാസി രചിച്ചിട്ടുണ്ട്. ആത്മസംസ്കരണത്തിനും ദേഹേഛകൾ വെടിയാനും ദുശ്ശീലങ്ങൾക്കെതിരെ പോരാടാനുള്ള മാനസിക ശക്തിയാർജിക്കാനാണ് ഇതിൽ ആവശ്യപ്പെടുന്നത്. വ്യക്തിജീവിതത്തിൽ അദ്ദേഹം ഇത് പുലർത്തിയിരുന്നു. ഉത്തമമായ സ്വഭാവം വെച്ചുപുലർത്തുകയും സഹജീവികളോട് കരുണ കാണിക്കുകയും സാമ്പത്തിക രംഗത്ത് അങ്ങേയറ്റം ഉദാരത കാണിക്കുകയും ചെയ്തിരുന്നു. പാവപ്പെട്ട രോഗികൾക്ക് അദ്ദേഹം സ്വന്തം പണം മാസാന്തം ഒരു ശമ്പളം കണക്കെ നൽകിയിരുന്നു. രാജാക്കന്മാരെ ചികിത്സിക്കുന്ന അതേ മനോഭാവത്തിലാണ് ദരിദ്രരെയും ചികിത്സിക്കേണ്ടത് എന്ന് അദ്ദേഹം ശിഷ്യരെ ഉപദേശിച്ചിരുന്നു. 'അഖ്‌ലാകുത്ത്വബീബ്' എന്ന ഒരു പുസ്തകത്തിൽ അദ്ദേഹം ഡോക്ടറുടെ പെരുമാറ്റ രീതികൾ വിശദീകരിക്കുന്നുണ്ട്. പാവപ്പെട്ടവർക്കുവേണ്ടി 'ത്വിബ്ബുൽ ഫുഖറാഅ്' എന്ന പേരിൽ ഒരു ഗ്രന്ഥം പോലും അദ്ദേഹം രചിച്ചിട്ടുണ്ട്. ഭക്ഷണരീതികൊണ്ടും വിലകുറഞ്ഞ പച്ചമരുന്നുകൾകൊണ്ടും എങ്ങനെ ചികിത്സിക്കാം എന്നാണ് അതിൽ പറയുന്നത്.

സ്വന്തമായി നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം തന്റെ ശിഷ്യന്മാരെ ഗ്രന്ഥരചനക്ക് പ്രോത്സാഹിപ്പിച്ചിരുന്നു. അദ്ദേഹം അവരോട് 'ഒരു വിദ്യാർഥി ധാരാളം ഗ്രന്ഥങ്ങൾ വായിച്ചു പഠിച്ച് കഴിഞ്ഞാൽ അവയിൽ ഇല്ലാത്ത കാര്യങ്ങൾ ഉൾകൊള്ളിച്ച് മറ്റൊരു രചന നടത്തേണ്ടതുണ്ട്' എന്ന് പറയാറുണ്ടായിരുന്നു. റാസിയുടെ 'ഹാവി' എന്ന ഗ്രന്ഥം പരിഭാഷപ്പെടുത്തുന്നതിന് ഫ്രഞ്ച് രാജാവായിരുന്ന ലൂയിസ് പതിനൊന്നാമൻ ധാരാളം സ്വർണം സമ്മാനമായി നൽകിയിരുന്നു. തനിക്ക് വല്ല രോഗവും വന്നാൽ ഇത് അവലംബിക്കാം എന്ന ഉദ്ദേശ്യമാണ് അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചത്. ഇന്നും പല യൂറോപ്യൻ സർവകലാശാലകളിലും അദ്ദേഹത്തിന്റെ പേര് നൽകപ്പെട്ട വിഭാഗങ്ങളുണ്ട്. വൈദ്യശാസ്ത്രത്തിന് ജീവിതം ഉഴിഞ്ഞുവെച്ച അദ്ദേഹം തന്റെ അറുപതാമത്തെ വയസ്സിൽ (923 നവംബർ) ഈ ലോകത്തോട് വിടപറഞ്ഞു. പ്രയോജനപ്രദമായ വിജ്ഞാനത്തിലൂടെ അദ്ദേഹം ഇന്നും ജീവിക്കുന്നു.

*(തുടരും)*



# ഹൈപ്പർടെൻഷൻ: ഒരു നിശ്ശബ്ദ ഘാതകൻ

ഡോ.മറിയാമു

മെയ് 17 ലോകമെമ്പാടും 'ലോക ഹൈപ്പർടെൻഷൻ ദിന'മായി ആചരിക്കുന്നു. ലക്ഷണങ്ങളൊന്നുമില്ലാതെ മനുഷ്യന്റെ ശരീരത്തെ പതുക്കെ ബാധിക്കുന്നതിനാൽ ഹൈപ്പർടെൻഷൻ 'Silent Killer' എന്ന പേരിൽ അറിയപ്പെടുന്നു. ഇന്നത്തെ ജീവിതശൈലി കാരണം വലിയൊരു ശതമാനം ആളുകൾക്ക് ഈ അവസ്ഥയുണ്ടെങ്കിലും പലരിലും അത് അറിയപ്പെടാതെ പോകുന്നു. അതിനാൽത്തന്നെ, സമയബന്ധിതമായി തിരിച്ചറിയലും നിയന്ത്രണവും വളരെ പ്രധാനമാണ്.

**എന്താണ് ബ്ലഡ് പ്രഷർ?**

നമ്മുടെ ശരീരത്തിലെ രക്തക്കുഴലുകളിലൂടെ രക്തം ഒഴുകുമ്പോൾ, അത് ആ കുഴലുകളുടെ ഭിത്തിയിൽ ചെലുത്തുന്ന മർദ്ദത്തെയാണ് ബ്ലഡ് പ്രഷർ അഥവാ രക്തസമ്മർദം എന്ന് വിളിക്കുന്നത്. എളുപ്പത്തിൽ മനസ്സിലാക്കാൻ ഒരു ഉദാഹരണം നോക്കാം:

നമ്മൾ മോട്ടോർ ഉപയോഗിച്ച് കിണറ്റിൽനിന്നും മറ്റും വെള്ളം അടിക്കാറുണ്ടല്ലോ. മോട്ടോർ പ്രവർത്തിക്കുമ്പോൾ പൈപ്പിനുള്ളിലൂടെ വരുന്ന വെള്ളത്തിന് ഒരു നിശ്ചിത വേഗവും മർദവുമുണ്ടാകും.

ഈ മർദം കൂടിയാൽ പൈപ്പ് പൊട്ടിപ്പോകാനോ മോട്ടോറിന് കേടുപാടുകൾ സംഭവിക്കാനോ സാധ്യതയുണ്ട്. ഇതുപോലെ തന്നെയാണ് നമ്മുടെ ശരീരവും. ഹൃദയം രക്തം പമ്പ് ചെയ്യുമ്പോൾ രക്തക്കുഴലുകളിൽ അനുഭവപ്പെടുന്ന സമ്മർദം കൃത്യമായ അളവിലായിരിക്കണം. ഉയർന്ന രക്തസമ്മർദം എന്നത് രക്തം രക്തക്കുഴലുകളുടെ ഭിത്തികളിൽ ചെലുത്തുന്ന സമ്മർദം സ്ഥിരമായി ഉയർന്ന നിലയിൽ നിലനിൽക്കുന്ന അവസ്ഥയാണ്. സാധാരണയായി 120/80 mmHg വരെയുള്ളതിനെ നോർമലായി കണക്കാക്കുമ്പോൾ, 140/90 mmHg അല്ലെങ്കിൽ അതിൽ കൂടുതലുള്ളതിനെ ഹൈപ്പർടെൻഷൻ ആയി കണക്കാക്കുന്നു. ഇപ്പോഴത്തെ മാർഗനിർദേശങ്ങൾ പ്രകാരം 130/80 mmHg കഴിഞ്ഞാൽ തന്നെ ജാഗ്രത പാലിക്കുന്നതാണ് നല്ലത്. അപ്പോൾ രോഗം തുടക്കത്തിൽതന്നെ കണ്ടെത്താനും നിയന്ത്രിക്കാനും സഹായിക്കുന്നു.

2026ലെ ലോക ഹൈപ്പർടെൻഷൻ ദിനത്തിന്റെ പ്രമേയം 'രക്തസമ്മർദം കൃത്യമായി പരിശോധിക്കുക, നിയന്ത്രണത്തിൽ വയ്ക്കുക, ദീർഘായുസ്സ് നേടുക' എന്നതാണ്. ഇത് ശരിയായ രീതിയിൽ രക്തസമ്മർദം അളക്കുന്നതിന്റെയും അതിനെ നിയന്ത്രണത്തിൽ നിർത്തുന്നതിന്റെയും പ്രാധാന്യം നമ്മെ ഓർമപ്പെടുത്തുന്നു. ശരിയായ അളക്കൽ വളരെ പ്രധാനമാണ്. വിശ്രമാവസ്ഥയിൽ ഇരുന്ന്, ശരിയായരീതിയിൽ, ഒന്നിലധികം തവണ അളക്കുന്നതിലൂടെ മാത്രമെ ശരിയായ വിലയിരുത്തൽ സാധ്യമാകൂ.

ഹൈപ്പർടെൻഷൻ നിയന്ത്രിക്കാതെ പോകുമ്പോൾ അത് ശരീരത്തിലെ പ്രധാന അവയവങ്ങളെ ഗുരുതരമായി ബാധിക്കും. ഹൃദയാഘാതം, സ്ട്രോക്ക്, വൃക്കകളുടെ പ്രവർത്തനക്കുറവ്, കണ്ണിലെ റെറ്റിനോപതി എന്നിവയ്ക്ക് പ്രധാന കാരണം ഇതാണ്. പ്രത്യേകിച്ച് ദീർഘകാലമായി നിയന്ത്രിക്കാത്ത ഹൈപ്പർടെൻഷൻ കാരണം രക്തക്കുഴലുകളുടെ ഭിത്തികൾ കട്ടിയാകുകയും അവയുടെ ഇളക്കം കുറയുകയും ചെയ്യുന്നു. ഇതുതന്നെ പിന്നീട് ഹൃദ്രോഗങ്ങളുടെ സാധ്യത വർധിപ്പിക്കുന്നു.

ഈ രോഗത്തിന്റെ ഏറ്റവും വലിയ പ്രശ്നം, പലപ്പോഴും വ്യക്തമായ ലക്ഷണങ്ങൾ ഇല്ലാത്തതാണ്. ചിലപ്പോൾ തലവേദന, തലചുറ്റൽ, ഹൃദയമിടിപ്പ് വർധിക്കുക തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടാകാമെങ്കിലും, അവ സ്ഥിരമായി കാണപ്പെടണമെന്നില്ല. അതുകൊണ്ട് തന്നെ “check your BP regularly' എന്ന സന്ദേശം അത്യന്തം പ്രാധാന്യമുള്ളതാണ്.

അപകടസാധ്യത വർധിപ്പിക്കുന്ന പ്രധാന ഘടകങ്ങളിൽ അമിത ഉപ്പ് ഉപയോഗം, അമിതവണ്ണം, വ്യായാമക്കുറവ്, മാനസിക സമ്മർദം, പുകവലി, പ്രമേഹം, പാരമ്പര്യം എന്നിവ ഉൾപ്പെടുന്നു. ഇന്ന് നഗര ജീവിതവും പ്രോസസ്ഡ് ഫുഡുകളുടെ ഉപയോഗവും വർധിച്ചതോടെ ഹൈപ്പർടെൻഷൻ ചെറുപ്പക്കാരിലും കൂടുതലായി കാണപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്.

ബിപി നിയന്ത്രണത്തിനായി ജീവിതശൈലി മാറ്റങ്ങൾ ഏറെ ഫലപ്രദമാണ്. ദിവസേന കുറഞ്ഞത് 30 മിനിറ്റ് ശാരീരിക വ്യായാമം, പഴം-പച്ചക്കറി സമൃദ്ധമായ ഭക്ഷണം, ഉപ്പിന്റെ ഉപയോഗം കുറയ്ക്കൽ (ദിവസം 5 ഗ്രാം താഴെ), ഭാരം നിയന്ത്രിക്കൽ, മാനസിക സമ്മർദം കുറയ്ക്കൽ എന്നിവ നിർബന്ധമാണ്. രക്തസമ്മർദം പരിശോധിച്ചതിന് ശേഷം ഡോക്ടർ നിർദേശിക്കുന്ന മരുന്നുകൾ സ്ഥിരമായി കഴിക്കുന്നതും അത്യാവശ്യമാണ്. മരുന്ന് തുടങ്ങിയതുകൊണ്ട് രോഗം 'ശാശ്വതമായി മാറി' എന്ന ധാരണ തെറ്റാണ് ഇത് നിയന്ത്രണത്തിലാക്കേണ്ട ഒരു ദീർഘകാല അവസ്ഥയാണ്.

ഇസ്‌ലാം നമ്മെ ആരോഗ്യകരമായ, മിതമായ ജീവിതശൈലിയിലേക്ക് നയിക്കുന്നു. ഖുർആനിൽ അല്ലാഹു പറയുന്നു: “നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ അതിരു വിടരുത്...” (7:31).

ഈ മാർഗനിർദേശം ഇന്ന് മെഡിക്കൽ ശാസ്ത്രം പറയുന്ന balanced diet, portion control എന്നിവയുമായി ചേർന്ന് നിൽക്കുന്നതാണ്.

നമസ്കാരമെന്ന ശ്രേഷ്ഠമായ ആരാധന മാനസിക സമ്മർദം കുറയ്ക്കുന്നതിനും ശരീരത്തിന് ലഘുവായ വ്യായാമം നൽകുന്നതിനും സഹായിക്കുന്നു. ആത്മാർഥമായ പ്രാർഥനയും അല്ലാഹുവിലുള്ള ആശ്രയവും മനസ്സിന് സമാധാനം നൽകുകയും അത് ഹൃദയാരോഗ്യത്തിനും ഗുണകരമാകുകയും ചെയ്യുന്നു.

ഹൈപ്പർടെൻഷൻ ഒരു നിശ്ശബ്ദ രോഗമാണെങ്കിലും അത് നമുക്ക് നിയന്ത്രിക്കാവുന്നതാണ്. ആരോഗ്യകരമായ ജീവിതശൈലി, സമയബന്ധിത പരിശോധന, ആത്മീയശാന്തി എന്നിവയുടെ സംയോജനം നമ്മെ ദീർഘായുസ്സിലേക്കും ആരോഗ്യകരമായ ജീവിതത്തിലേക്കും നയിക്കും; അല്ലാഹു ഉദ്ദേശിച്ചാൽ.




# മനുഷ്യകർമങ്ങളും അവയ്ക്കുള്ള പ്രതിഫലവും

ശമീർ മദീനി
: 9048 221 212

ഈ ലോകത്ത് ധാരാളം നല്ല മനുഷ്യരെ കാണാം. നിസ്വാർഥരായി സേവനം ചെയ്യുന്ന, മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേർന്ന് ആത്മാർഥമായി അവരുടെ നന്മക്കായി അക്ഷീണം പ്രയത്നിക്കുന്നവർ. സർവർക്കും ആവുന്നത്ര നന്മ ചെയ്തു ജീവിക്കുന്ന അവരിൽ പലർക്കും ഈ ലോകത്തുനിന്ന് കാര്യമായി ഒന്നും തിരിച്ചു കിട്ടുന്നില്ല. ചിലപ്പോഴെങ്കിലും ആക്ഷേപങ്ങളും വിമർശനങ്ങളും ശത്രുതയും അസൂയയും പകയും ഒക്കെയാണ് അവർക്ക് കിട്ടാറുള്ളത്. എന്നാൽ വേറെ ചിലരാകട്ടെ, ക്രൂരവും സ്വാർഥവുമായ മനസ്സോടെ, കരുണ വറ്റിയ മനുഷ്യക്കോലങ്ങളായി ജീവിച്ച്, നാടിനും സമൂഹത്തിനും സഹജീവികൾക്കും ക്രൂരതകൾ മാത്രം സമ്മാനിക്കുന്നവരും.

രണ്ടുകൂട്ടരും കുറെ നാളത്തെ ജീവിതത്തിനശേഷം മരിച്ചുപോകുന്നു. അതോടെ ജീവിതം അവസാനിക്കുകയാണെങ്കിൽ ഈ ജീവിതത്തിന് എന്ത് അർഥമാണുള്ളത്? നന്മകൾക്കും സേവനങ്ങൾക്കും എന്തു പ്രസക്തി? നീതിയും അനീതിയും ധർമവും അധർമവുമൊക്കെ എന്തിന് ശ്രദ്ധിക്കണം? ഏതായാലും രണ്ടു വിഭാഗവും വെറുതെയങ്ങ് മരിച്ചു മണ്ണായിത്തീരുക എന്ന 'നിഗമനത്തെ' മനസ്സാക്ഷി അംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല; നന്മയുടെയും നീതിയുടെയും മനസ്സുള്ള ആരും അത് നീതിയല്ല എന്ന് ഉറക്കെ വിളിച്ചുപറയും. അവിടെയാണ് ഇസ്‌ലാം പഠിപ്പിക്കുന്ന പരലോകം പ്രസക്തമാകു

**കർമഫലങ്ങളുടെ കാര്യത്തിൽ വിവിധ വ്യാഖ്യാനങ്ങൾ നൽകി തൃപ്തികരമായ ഒരു വിശദീകരണം നൽകാൻ സാധിക്കാതെ ഒളിച്ചോടുന്നവർ സത്യത്തിൽ സ്വയം വഞ്ചിതരാവുകയും മറ്റുള്ളവരെ വഞ്ചിക്കുകയുമാണ് ചെയ്യുന്നത്. ഈ ലോകത്ത് നീതി ലഭിക്കാത്തതിനാൽ അസ്വസ്ഥരാകുന്ന മനുഷ്യർക്ക് കൃത്യവും കണിശവുമായ നീതിയുടെ വിചാരണാലോകത്തെ പരിചയപ്പെടുത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്.**

ന്നത്. അല്ലാഹു പറയുന്നു:

"ഞങ്ങളുടെ മുമ്പാകെ ഒരു ബലി നടത്തി അതിനെ ദിവ്യാഗ്നി തിന്നുകളയുന്നത് (ഞങ്ങൾക്ക് കാണിച്ചുതരുന്നത്) വരെ ഒരു ദൈവദൂതനിലും ഞങ്ങൾ വിശ്വസിക്കരുതെന്ന് അല്ലാഹു ഞങ്ങളോട് കരാറു വാങ്ങിയിട്ടുണ്ട് എന്ന് പറഞ്ഞവരത്രെ അവർ. (നബിയേ,) പറയുക: വ്യക്തമായ തെളിവുകൾ സഹിതവും നിങ്ങൾ ഈ പറഞ്ഞത് സഹിതവും എനിക്ക് മുമ്പ് പല ദൂതൻമാരും നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ട്. എന്നിട്ട് നിങ്ങളുടെ വാദം സത്യമാണെങ്കിൽ നിങ്ങളെന്തിന് അവരെ കൊന്നുകളഞ്ഞു?" (3:183).

എന്നാൽ അതിന്റെ സംഭവ്യതയിൽ സംശയിച്ച് അതിനുനേരെ പലപല വിമർശനങ്ങളും ആക്ഷേപങ്ങളും ഉന്നയിച്ചവർ മുൻകാലങ്ങൾ മുതൽക്കേ ഉണ്ടായിട്ടുണ്ട്. ഖുർആൻ പറയുന്നു:

"നിങ്ങൾ മരിക്കുകയും മണ്ണും അസ്ഥി ശകലങ്ങളുമായിത്തീരുകയും ചെയ്താൽ നിങ്ങൾ (വീണ്ടും ജീവനോടെ) പുറത്ത് കൊണ്ടുവരപ്പെടും എന്നാണോ അവൻ നിങ്ങൾക്ക് വാഗ്ദാനം നൽകുന്നത്? നിങ്ങൾക്ക് നൽകപ്പെടുന്ന ആ വാഗ്ദാനം എത്രയെത്ര വിദൂരം!" (23:35,36).

"അവർ (അവിശ്വാസികൾ) പറഞ്ഞു: ഞങ്ങൾ ഭൂമിയിൽ ലയിച്ച് അപ്രത്യക്ഷരായാൽ പോലും ഞങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ? അല്ല, അവർ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിനെ നിഷേധിക്കുന്നവരാകുന്നു" (32:10).

നിസ്സാരരായ ഈ സൃഷ്ടികൾ എങ്ങനെ വീണ്ടും ജീവനോടെ തിരിച്ചുവരും, വല്ല ജീവികളും ഭക്ഷിക്കുകയോ അല്ലെങ്കിൽ ദ്രവിച്ച് മണ്ണോട് ചേരുകയോ ചെയ്തവർ എങ്ങനെയാണ് വീണ്ടും തിരിച്ചു വരുന്നത് എന്നിത്യാദി സംശയങ്ങളായിരിക്കണം അവരുടെ നിഷേധത്തിന്റെ പ്രധാന കാരണം. അഥവാ പിശാച് അവരെ ആശയക്കുഴപ്പത്തിലാക്കിയ ദുർബോധനത്തിന്റെ ഒരു പ്രധാന വശം ഇതായിരിക്കും.

പക്ഷേ, അവർക്ക് തങ്ങളുടെ ചിന്തയും ബുദ്ധിയും പഠനവും അന്വേഷണവുമൊന്നും ഉപകരിക്കാത്ത വിധത്തിൽ അതിൽനിന്നൊക്കെ പിശാച് അവരെ തിരിച്ചുവിടുകയാണ് ചെയ്യുന്നത്. ഭൂമിയിൽ നമുക്കു ചുറ്റും എത്രയോ ജീവജാലങ്ങളും സസ്യലതാദികളും ജനിച്ചും മുളച്ചും വളർന്നുവരുന്നത് നാം കാണുന്നു. എല്ലാറ്റിന്റെയും തുടക്കം ദുർബലവും നിസ്സാരവുമായ കണികകളിൽനിന്നാണ്. മനുഷ്യന്റെ ബീജകണത്തിന്റെ വലിപ്പവും ആകാരവുമൊക്കെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? നിന്ദ്യവും നിസ്സാരവുമായ ഒരു ബീജകണത്തിൽ നിന്നാണ് മനുഷ്യർ ഓരോരുത്തരും ജീവിതയാത്ര ആരംഭിച്ചത്. വലിയ വലിയ ജീവികളും സസ്യങ്ങളുമെല്ലാം ഇങ്ങനെത്തന്നെയാണ്. സത്യത്തിൽ നോട്ടവും ചിന്തയും പഠനവും തിരിയേണ്ടത് ആദ്യം ഓരോന്നിനെയും സൃഷ്ടിച്ച് സംവിധാനിച്ച സർവശക്തനും അതീവ ദയാപരനുമായ സ്രഷ്ടാവിന്റെ ഗുണവിശേഷണങ്ങളിലേക്കും കഴിവുകളിലേക്കും ശക്തിമാഹാത്മ്യങ്ങളിലേക്കും ആയിരിക്കണം. അല്ലാതെ, നമ്മുടെ മുന്നിൽ കാണുന്ന വസ്തുക്കളിലേക്കും അവയുടെ ദൗർബല്യങ്ങളിലേക്കുമല്ല.

എന്നാൽ പ്രകൃതിയിൽ തന്നെ പുനരുത്ഥാനത്തിന്റെ സാധുത ബോധ്യപ്പെടുത്തുന്ന പല പ്രതിഭാസങ്ങളുമുണ്ട് എന്നതാണ് സത്യം. മണ്ണിൽ ചിതറിക്കിടക്കുന്ന ഇരുമ്പിന്റെയും സ്വർണത്തിന്റെയും വെള്ളിയുടെയുമൊക്കെ കണികകളെ പെട്ടെന്നുതന്നെ സ്വാംശീകരിച്ചെടുക്കാൻ മനുഷ്യർക്ക് തന്നെ കഴിയുന്ന മൂലകങ്ങളും സംവിധാനങ്ങളും ഇന്ന് സുപരിചിതമാണ്, എന്നിരിക്കെ മണ്ണിൽ ലയിച്ചുകിടക്കുന്ന മനുഷ്യന്റെ അസ്ഥിശകലങ്ങളെയും മണ്ണോടുചേർന്ന മാംസങ്ങളെയും ഒരുമിച്ചുകൂട്ടാൻ ഇല്ലായ്മയിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിന് എന്താണ് പ്രയാസം? ഇക്കാര്യം പലരുടെയും ചിന്തക്ക് വിഷയീഭവിക്കുന്നില്ല എന്നതാണ് സങ്കടകരം!

"അവനത്രെ തന്റെ അനുഗ്രഹത്തിന്ന് (മഴയ്ക്കു) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്ന

വൻ. അങ്ങനെ അവ (കാറ്റുകൾ) ഭാരിച്ച മേഘത്തെ വഹിച്ചുകഴിഞ്ഞാൽ നിർജീവമായ വല്ല നാട്ടിലേക്കും നാം അതിനെ നയിച്ചു കൊണ്ടുപോകുകയും, എന്നിട്ടവിടെ വെള്ളം ചൊരിയുകയും, അതുമൂലം എല്ലാതരം കായ്കനികളും നാം പുറത്ത് കൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ നാം മരണപ്പെട്ടവരെ പുറത്ത് കൊണ്ടുവരുന്നതാണ്. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നവരായേക്കാം." (7:57)

കർമഫലങ്ങളുടെ കാര്യത്തിൽ വിവിധ വ്യാഖ്യാനങ്ങൾ നൽകി തൃപ്തികരമായ ഒരു വിശദീകരണം നൽകാൻ സാധിക്കാതെ ഒളിച്ചോടുന്നവർ സത്യത്തിൽ സ്വയം വഞ്ചിതരാവുകയും മറ്റുള്ളവരെ വഞ്ചിക്കുകയുമാണ് ചെയ്യുന്നത്. ഈ ലോകത്ത് നീതി ലഭിക്കാത്തതിനാൽ അസ്വസ്ഥരാകുന്ന മനുഷ്യർക്ക് കൃത്യവും കണിശവുമായ നീതിയുടെ വിചാരണാലോകത്തെ പരിചയപ്പെടുത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്. എന്നാൽ അതിനെ തള്ളിപ്പറയാനും, പകരം മനുഷ്യൻ കോലം മാറി കർമഫലങ്ങൾ അനുഭവിക്കാൻ ഇവിടെത്തന്നെ വീണ്ടും ജനിക്കുമെന്ന പുതിയ ഒരു സങ്കൽപം (അന്ധവിശ്വാസം) അവരിലേക്ക് ഇട്ടുകൊടുക്കുകയാണ് പിശാച് ചെയ്തത്. കേവലം നിഗമനങ്ങൾക്കും ഊഹാപോഹങ്ങൾക്കും അപ്പുറം അതിനെന്ത് തെളിവ് എന്നത് ചോദിക്കാനുള്ള മനസ്സ് പിശാച് നഷ്ടപ്പെടുത്തിയിരിക്കുന്നു! നല്ല മനുഷ്യരുടെ ആത്മാക്കൾ മരണത്തോടെ അവരുടെ ശരീരത്തിൽ നിന്ന് വേർപിരിഞ്ഞാൽ വേറെ നല്ലവരും ഉൽകൃഷ്ടരുമായവരുടെ ശരീരത്തിൽ പ്രവേശിക്കുകയും ആശ്വാസം കണ്ടെത്തുകയും ചെയ്യുമത്രെ! ദുഷിച്ച ആളുകളുടെ ആത്മാക്കളാകട്ടെ, ദുഷിച്ച ശരീരങ്ങളിലേക്ക് മാറുകയും പ്രയാസങ്ങളും ദുരിതങ്ങളും അനുഭവിക്കുകയും ചെയ്യുമെന്നും ഇവർ വിശ്വസിക്കുന്നു.

ആദ്യ ജന്മത്തിലെ പാപങ്ങളുടെ ഫലമായിട്ടാണ് തങ്ങൾ പിന്നീട് പട്ടിയും പൂച്ചയുമൊക്കെയായി ജനിച്ചുവന്നതെന്നും ആദ്യ ജന്മത്തിലെ കർമഫലം അനുഭവിക്കുകയാണ് അതിലൂടെ എന്നതും തെറ്റ് ചെയ്തവർ അറിയുന്നുണ്ടോ എന്നത് പ്രസക്തമായ ചോദ്യമാണ്. സത്യത്തിൽ ആദ്യം കുറ്റം ചെയ്ത ആളല്ല പിന്നീട് അതിന്റെ ശിക്ഷ അനുഭവിക്കുന്നത്. നന്മ ചെയ്തവരുടെയും കാര്യം ഇതുപോലെ തന്നെയാണ്. ഈ ലോകത്ത് തിന്മ ചെയ്തവർ തങ്ങളുടെ സ്വാധീനവും സൗകര്യങ്ങളും ഉപയോഗിച്ച് കൂടുതൽ സുഖിക്കുന്നതായിട്ടാണ് നാം പലപ്പോഴും കാണാറുള്ളത്. നന്മയുടെ വക്താക്കൾ പലതരത്തിലുള്ള പ്രയാസങ്ങൾ നേരിടുന്നതും കാണാറുണ്ട്. അതിനാൽ അവരുടെ കർമങ്ങൾക്ക് കൃത്യമായ ഫലം അനുഭവിക്കേണ്ടത് അവർ തന്നെയായിരിക്കണം എന്ന് നമ്മുടെ നീതിബോധവും മനസ്സാക്ഷിയും പറയുമ്പോൾ മുജ്ജന്മ സങ്കൽപത്തിൽ അങ്ങനെയൊന്നുമല്ല നടക്കുന്നത്. പട്ടിയും പൂച്ചയും തന്നെ വ്യത്യസ്ത നിലവാരത്തിൽ കഴിയുന്നതും നമുക്ക് ചുറ്റും കാണാവുന്നതാണ്. സമ്പന്നരുടെ വീട്ടിൽ വളരുന്ന നായയും പൂച്ചയും പോലെയല്ല തെരുവിലെ പ്രയാസങ്ങളിൽ വളരുന്ന നായയും പൂച്ചയും. ചുരുക്കത്തിൽ ഇത്തരം സങ്കൽപങ്ങൾക്കും ഊഹാപോഹങ്ങൾക്കും യാതൊരു അടിസ്ഥാനവുമില്ല.

ഇബ്നുൽ ജൗസി(റഹി) സനദ് (പരമ്പര) സഹിതം പറയുന്നു: "അബുൽ ഹസൻ അലിയ്യു ഇബ്നു നദ്വീഫ് പറഞ്ഞു: 'ബഗ്ദാദിൽ ഞങ്ങളോടൊപ്പം അബൂബക്കറബ്നുൽ ഫല്ലാസ് എന്നറിയപ്പെടുന്ന ശിയാക്കളിൽപ്പെട്ട ഒരു പണ്ഡിതൻ സദസ്സിൽ പങ്കെടുക്കുമായിരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു; ശിയാക്കളുടെ കൂട്ടത്തിൽ അറിയപ്പെട്ട ചിലരുടെ അടുക്കൽ അദ്ദേഹം ചെന്നു. പിന്നീട് ഈ കോലം മാറി വരുന്ന ആശയത്തെക്കുറിച്ച് അദ്ദേഹം സംസാരിക്കുകയായിരുന്നു. ആ സമയം അയാളുടെ അടുക്കൽ ഒരു കറുത്ത പൂച്ചയെ ഞാൻ കണ്ടു. അയാളാകട്ടെ അതിനെ തലോടുകയും അതിന്റെ കണ്ണുകൾക്കിടയിൽ ചൊറിഞ്ഞു കൊടുക്കുകയുമൊക്കെ ചെയ്യുന്നുണ്ടായിരുന്നു. അതിനിടയിൽ അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് ഞാൻ ശ്രദ്ധിച്ചു. അതോടൊപ്പം പൂച്ചകളുടെ പതിവനുസരിച്ച് അത് ഇടക്കിടക്ക് കരയാനും തുടങ്ങി. അപ്പോഴതാ അയാൾ ശക്തമായി കരയുകയും സങ്കടപ്പെടുകയും ചെയ്യുന്നു! ഞാൻ അയാളോട് ചോദിച്ചു: 'എന്തിനാണ് താങ്കൾ കരയുന്നത്?' അപ്പോൾ അയാൾ പറഞ്ഞു: 'നിനക്കറിയുമോ, ഈ പൂച്ച ഞാൻ അതിനെ തലോടുമ്പോഴെല്ലാം കരഞ്ഞുകൊണ്ടിരിക്കുന്നത് എന്തിനാണെന്ന്? ഇത് എന്റെ ഉമ്മയാണ്, സംശയമില്ല. എന്നെ കണ്ടപ്പോൾ സങ്കടത്താൽ കരയുന്നതാണ്.' അങ്ങനെ അയാൾ അതിനോട് എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു" (തൽബീസു ഇബ്‌ലീസ്)

പിശാചിന്റെ കെണികളിൽനിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ! ■




# ആരാണ് നിങ്ങളുടെ സുഹൃത്തുക്കൾ?

മുഹമ്മദ് സിയാദ് ജുബൈൽ

വഴിയിലൂടെ യാത്ര ചെയ്യുമ്പോൾ നിങ്ങളെ തടഞ്ഞു നിർത്തി നിങ്ങളുടെ യാത്രയിൽ കൂടെ കൊണ്ടുപോകാൻ ആവശ്യപ്പെടുന്ന ഒരു മനുഷ്യനോടെന്നപോലെ നിങ്ങൾ അവനോട് പെരുമാറുക. നിങ്ങളാണ് അവനെ കൊണ്ടുപോകുന്നത്, അവൻ നിങ്ങളെ കൊണ്ടുപോകുന്നതല്ല എന്നത് ഉറപ്പാക്കുക. അവനോടൊപ്പം യാത്ര ചെയ്യുന്നതിൽനിന്ന് ഒരു നേട്ടവുമില്ലെങ്കിൽ, അവനുവേണ്ടി നിങ്ങൾ കാത്തുനിൽക്കരുത്; അവനോട് യാത്ര പറഞ്ഞു പിരിയുക. അവനെ തിരിഞ്ഞുനോക്കാൻ പോലും ശ്രമിക്കരുത്. കാരണം അവൻ യഥാർഥത്തിൽ ആരുതന്നെയായാലും അവൻ ഒരു കൊള്ളക്കാരനാണ്. അതിനാൽ, നിങ്ങളുടെ ഹൃദയത്തെ നിങ്ങൾ സംരക്ഷിക്കുക! നിങ്ങളുടെ പകലും രാത്രിയും എങ്ങനെ ചെലവഴിക്കുന്നു എന്നതിനെക്കുറിച്ച് ജാഗ്രത പാലിക്കുക, ലക്ഷ്യസ്ഥാനത്ത് നിങ്ങൾ എത്തുന്നതിനുമുമ്പ് സൂര്യൻ അസ്തമിക്കാൻ അനുവദിക്കരുത്” (അൽവാബിലുസ്സ്വയ്യിബ്).

‘സൊറ’ പറഞ്ഞു കുത്തിയിരിക്കാൻ ഇഷ്ടപ്പെടുന്ന കൂട്ടുകാർ നമ്മുടെ സമയം കൊള്ളയടിക്കുന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് വലിയ ജാഗ്രത വേണം. കാരണം സമയം കൊള്ളയടിക്കപ്പെടുന്നത് സമ്പത്തു കൊള്ളയടിക്കപ്പെടുന്നത് പോലെയല്ല. നഷ്ടപ്പെട്ടാൽ ഒരിക്കലും തിരിച്ചുകിട്ടാത്ത ഒരു കാര്യമാണ് സമയം!

അതുകൊണ്ട് തന്നെ മോശം കൂട്ടുകെട്ടിൽ അകപ്പെടാതിരിക്കാൻ എല്ലാ ശ്രമങ്ങളും നടത്തണം; പ്രത്യേകിച്ചും വളർന്നുവരുന്ന നമ്മുടെ കുട്ടികൾ മോശം കൂട്ടുകെട്ടിൽ അകപ്പെടുന്നില്ലെന്നു ഉറപ്പു വരുത്തണം. ഒരു പരിധിക്കപ്പുറം നമുക്ക് കുട്ടികളെ ശ്രദ്ധിക്കാൻ കഴിയുകയുമില്ല എന്നത് ശരി തന്നെയാണ്. എങ്കിലും ഈ

വിഷയത്തെക്കുറിച്ച് വിശദീകരിക്കാനും അതിന്റെ അപകടങ്ങൾ പഠിപ്പിക്കാനും അനുഭവങ്ങൾ പങ്കുവെക്കാനും നമുക്ക് സാധിക്കും. അങ്ങനെ അല്ലാഹുവിന്റെ കൽപനകൾ പാലിക്കാൻ നമുക്ക് പരമാവധി ശ്രമിക്കാം.

അല്ലാഹു പറയുന്നത് ഓർക്കുക: “നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്” (ഇസ്റാഅ്: 36).

ഈ വാക്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സന്ദേശമുണ്ട്. ഒന്ന് കൂടി വ്യക്തമായി പറഞ്ഞാൽ, കാമുകീ-കാമുകന്മാരെ സ്വീകരിക്കുന്നത് സർവസാധാരണമായി കാണുന്ന ഒരു സമൂഹത്തിലാണ് നമ്മളെങ്കിൽ, കാലക്രമേണ നാം ഇത് ചെയ്തില്ലെങ്കിലും നമുക്ക് ഇത് സാധാരണവും ആകർഷകവുമാണെന്ന് തോന്നാൻ തുടങ്ങും, അതിനെ നോർമലൈസ് ചെയ്യും. അനുചിതമായ രീതിയിൽ വസ്ത്രം ധരിക്കുന്നവരുടെ കൂട്ടത്തിലാണെങ്കിൽ, കാലക്രമേണ നമ്മുടെ ലജ്ജ ഇല്ലാതാവുകയും, കൂട്ടാളികൾ ചെയ്യുന്ന കാര്യങ്ങളിലേക്ക് നാം ആകർഷിക്കപ്പെടുകയും അതിനോട് ചായ്‌വ്കാണിക്കുകയും ചെയ്യും.

അപവാദം പറയുകയും പരദൂഷണം പറയുകയും ചെയ്യുന്നവരുടെ കൂട്ടത്തിലാണ് നമ്മളെങ്കിൽ, അതിൽ ഭാഗമാകാൻ നമ്മൾ ആഗ്രഹിക്കുന്നില്ലെങ്കിൽ പോലും, നമ്മൾ അത് അറിയുന്നതിനുമുമ്പേ അതിൽ വീഴും.

നാം നിലകൊള്ളുന്ന ചുറ്റുപാടുകളുടെയും കൂട്ട് കൂടുന്ന

**അന്ത്യദിനത്തിൽ അല്ലാഹുവിന്റെ തണലിൽ നമ്മുടെയരികിൽ ആരെ വേണമെന്ന് ചിന്തിക്കുക. നമ്മെ അന്വേഷിക്കുകയും ശാശ്വത സ്വർഗത്തിലേക്ക് നമ്മുടെ കൈപിടിച്ചു കൊണ്ടുപോകുകയും ചെയ്യുന്നവരെ തിരഞ്ഞെടുക്കുക. ഏകാന്തത അനിവാര്യമായി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകും. അപ്പോൾ വിജ്ഞാനവുമായി ചങ്ങാത്തം കൂടുക.**

സുഹൃത്തുക്കളുടെയും സ്വാധീനം പലപ്പോഴും നാമറിയാതെ നമ്മെ സ്വാധീനിക്കുകയും നമ്മുടെ ചിന്തകളിലും നമ്മുടെ പ്രവൃത്തികളിലും പ്രകടമാവുകയും ചെയ്യും എന്ന് പറഞ്ഞത് അതുകൊണ്ടാണ്.

ഇതുകൊണ്ടാണ് നമ്മെ എത്ര മാത്രം സ്വാധീനിക്കുമെന്ന് നമുക്ക് അറിയാത്ത ഒരു കാര്യത്തെ പിന്തുടരരുതെന്ന് അല്ലാഹു നമ്മെ ഉണർത്തിയത്. കാരണം, നമ്മൾ കേൾക്കുന്നതും കാണുന്നതും നമ്മുടെ ഹൃദയങ്ങളിൽ നിലനിൽക്കും. അന്ത്യനാളിൽ അവയെക്കുറിച്ച് ചോദ്യം ചെയ്യപ്പെടും.

ഇവിടെ, മനുഷ്യരായ കൂട്ടുകാരെ കുറിച്ചു മാത്രമല്ല സംസാരിക്കുന്നത്. ഇന്ന് നമ്മുടെ കൂട്ടാളികളായി മാറിയ സാമൂഹ്യ മാധ്യമങ്ങളും ഇതിന്റെ പരിധിയിൽ വരും. ഫേസ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം മുതലായവയിലെ ചില വ്യക്തികളെ, അല്ലെങ്കിൽ പേജുകളെ പിന്തുടർന്ന് നമ്മൾ സോഷ്യൽ മീഡിയയിൽ നമ്മുടെ ഭൂരിഭാഗം സമയവും ചെലവഴിക്കുകയാണെങ്കിൽ, കാലക്രമേണ ആ പേജുകളിൽ നമ്മൾ കാണുന്നത് നമ്മുടെ ഹൃദയത്തിൽ വിശ്രമിക്കുകയും നമ്മുടെ പ്രവൃത്തികളിൽ പ്രകടമാവുകയും ചെയ്യും.

ഒരു പ്രത്യേക രീതിയിൽ വസ്ത്രം ധരിക്കുന്നതോ പ്രത്യേക രീതിയിൽ പെരുമാറുന്നതോ ആയ ഒരാളെ നമ്മൾ കണ്ടാൽ, കാലക്രമേണ നമ്മൾ അത് ആഗ്രഹിക്കുകയും അത് ആകർഷകമായി കണ്ടെത്തുകയും അത് സ്വയം ചെയ്യാൻ തുടങ്ങുകയും ചെയ്യും.

തമാശകളും കോമഡികളും ഉൾകൊള്ളുന്ന പേജുകൾ നമ്മൾ പിന്തുടരുമ്പോൾ അതിൽ ഉപയോഗിച്ച ഭാഷ സഭ്യേതരമാണെന്ന് നമുക്ക് അറിയാമെങ്കിൽ പോലും, കാലക്രമേണ അവ നമുക്ക് തെറ്റല്ലാതായിത്തീരും, സർവസാധാരണവും സ്വീകാര്യവുമാകും; നമ്മൾ അവ സ്വയം ചെയ്യാൻ തുടങ്ങുകയും ചെയ്യും. ട്രോളുകളും പ്രാങ്കുകളും ഈ ഗണത്തിൽ പെടുന്നതാണ്.

അതിനാൽ ജാഗ്രത പാലിക്കുക! ഈ കാര്യങ്ങളെ നിസ്സാരമായി കാണരുത്. നമ്മൾ അറിയാതെ തന്നെ നമ്മുടെ ആത്മീയതയെയും ഹൃദയത്തിന്റെ വെളിച്ചത്തെയും നശിപ്പിക്കുന്നുണ്ടാകാം. അല്ലാഹു നമ്മുടെ ഹൃദയങ്ങളെയും കണ്ണുകളെയും കാതുകളെയും നാവിനെയും

സംരക്ഷിക്കട്ടെ.

നബി(സ്വ) നമ്മെ ഓർമ പ്പെടുത്തി: "മനുഷ്യൻ തന്റെ സുഹൃത്തിന്റെ മതത്തിലാണ്; അതിനാൽ ഓരോരുത്തരും ആരെയാണ് സുഹൃത്താക്കുന്നതെന്ന് ചിന്തിച്ചുകൊള്ളട്ടെ" (അബൂദാവൂദ്).

ഈ വാതിൽ നമുക്കായി തുറക്കാൻ അല്ലാഹുവിനോട് ആത്മാർഥമായി പ്രാർഥിക്കുക. ഇത് നന്മയുടെ ഒരു പ്രധാന വാതിലാണ്. നാം അവനോട് അതിനായി അപേക്ഷിക്കുകയും നമ്മുടെ സ്വന്തം ഗുണത്തിനും സ്ഥിരതയ്ക്കും വേണ്ടി അത് അന്വേഷിക്കുകയും വേണം.

തന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാത്ത ഒരു ദിവസം അല്ലാഹു തന്റെ തണലിട്ടുകൊടുക്കുമെന്ന് പറഞ്ഞ ഏഴ് കൂട്ടരിൽ പെട്ട ഒരു വിഭാഗം 'അല്ലാഹുവിനു വേണ്ടി പരസ്പരം സ്നേഹിക്കുന്ന രണ്ടുപേരാണ്; അവർ, അല്ലാഹുവിനു വേണ്ടി പരസ്പരം കണ്ടുമുട്ടുകയും അല്ലാഹുവിനു വേണ്ടി വേർപിരിയുകയും ചെയ്യുന്നവരാണ്' എന്നാണ് നബി(സ്വ) പറഞ്ഞത് (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിനുവേണ്ടി നമ്മെ സ്നേഹിക്കുകയും സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നവരാണ് നമ്മുടെ സദ്‌വൃത്തരായ സുഹൃത്തുക്കൾ. അവരെ അന്വേഷിക്കുക. അന്ത്യനാളിൽ അവർ നമുക്ക് വേണ്ടി ശുപാർശ ചെയ്യും.

ഹദീസിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, വിശ്വാസികൾ അന്ത്യനാളിൽ സ്വിറാത്തു പാലം കടന്ന് പോകുമ്പോൾ നരകത്തിൽ പ്രവേശിച്ച അവരുടെ സഹോദരങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യും എന്നാണ്. അവർ പറയും: 'അല്ലാഹുവേ! ഞങ്ങളുടെ സഹോദരങ്ങളെ (രക്ഷിക്കണമേ). കാരണം അവർ ഞങ്ങളോടൊപ്പം നമസ്കരിക്കുകയും ഞങ്ങളോടൊപ്പം നോമ്പെടുക്കുകയും ഞങ്ങളോടൊപ്പം സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിരുന്നു.' അല്ലാഹു പറയും: 'നീ പോയി ഹൃദയത്തിൽ ഒരു ദീനാറിനു തുല്യമായ വിശ്വാസം കണ്ടെത്തുന്നവരെ (നരകത്തിൽ നിന്ന്) പുറത്തെടുക്കുക.' അങ്ങനെ, അവരുടെ മുഖങ്ങൾ അല്ലാഹു നരകത്തിനു നിഷിദ്ധമാക്കും. അവർ അവരുടെ അടുത്തേക്ക് പോകുമ്പോൾ അവരിൽ ചിലരെ അവരുടെ കാലുവരെയും ചിലരെ അവരുടെ കാലുകളുടെ മധ്യഭാഗംവരെയും നരകത്തിൽ കണ്ടെത്തും. അങ്ങനെ അവർ തിരിച്ചറിയുന്നവരെ അവർ പുറത്തെടുക്കും. പിന്നീട് അവർ മടങ്ങിവരും. അല്ലാഹു (അവരോട്) പറയും: 'ആരുടെ ഹൃദയത്തിൽ അര ദീനാറിനു തുല്യമായ വിശ്വാസം കണ്ടെത്തുന്നുവോ അവരെ (നരകത്തിൽനിന്ന്) പുറത്തെടുക്കുക.' അവർക്ക് തിരിച്ചറിയുന്നവരെ അവർ പുറത്തെടുക്കുകയും തിരികെ മടങ്ങുകയും ചെയ്യും. തുടർന്ന് അല്ലാഹു പറയും: 'ആരുടെ ഹൃദയത്തിൽ ഒരു അണുത്തൂക്കം വിശ്വാസം നിങ്ങൾ കണ്ടെത്തുന്നുവോ അവരെ (നരകത്തിൽനിന്ന്) പുറത്തെടുക്കുക. അങ്ങനെ അവർ തിരിച്ചറിയുന്നവരെയെല്ലാം അവർ പുറത്തെടുക്കും' (ബുഖാരി).

അതുകൊണ്ട് അന്ത്യദിനത്തിൽ അല്ലാഹുവിന്റെ തണലിൽ നമ്മുടെയരികിൽ ആരെ വേണമെന്ന് ചിന്തിക്കുക. നമ്മെ അന്വേഷിക്കുകയും ശാശ്വത സ്വർഗത്തിലേക്ക് നമ്മുടെ കൈ പിടിച്ചു കൊണ്ടുപോകുകയും ചെയ്യുന്നവരെ തിരഞ്ഞെടുക്കുക.

അവസാനമായി ഒരു കാര്യം: ഏകാന്തത അനിവാര്യമായി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകും. അപ്പോൾ വിജ്ഞാനവുമായി ചങ്ങാത്തം കൂടുക. അതിന് ഒരു പണ്ഡിതനാകണമെന്നില്ല.

ഇമാം ഇബ്നുൽ ഖയ്യിം തന്റെ തനതായ ശൈലിയിൽ വിജ്ഞാനത്തെ പരിചയപ്പെടുത്തിയത് ഇങ്ങനെയാണ്: "അറിവ് എന്നത് ഹൃദയങ്ങളുടെ ജീവിതവും ഉൾക്കാഴ്ചയുടെ വെളിച്ചവും നെഞ്ചകങ്ങളുടെ ഔഷധവും മനസ്സുകളുടെ പൂന്തോപ്പും ആത്മാക്കളുടെ മാധുര്യവും ഏകാന്തതയിലെ ആശ്വാസവും വഴി നഷ്ടപ്പെട്ടവരുടെ വഴികാട്ടിയുമാണ്.."

അലി(റ) പറഞ്ഞു: "(അറിവ് എന്നത്) അപരിചിതത്വ വേളയിലെ സുഹൃത്തും ഒറ്റയ്ക്കായിരിക്കുമ്പോൾ സംഭാഷണം നടത്തുന്നവനും സംശയങ്ങളെ ദുരീകരിക്കുന്നവനും അതിന്റെ നിധി അന്വേഷിക്കുന്നവന് ദാരിദ്ര്യം അവശേഷിപ്പിക്കാത്ത സമ്പത്തും അതിന്റെ സംരക്ഷണത്തിൽ അഭയം തേടുന്നവർക്ക് ഒരു നഷ്ടവും വരുത്താത്ത അഭയസ്ഥാനവുമാണ്" (മദാരിജുസ്സാലികീൻ).

ഇവിടെയാണ് പീസ് റേഡിയോയും സമീൽ ആപ്പും പ്രസക്തമാകുന്നത്. വായനക്കായി പുസ്തകങ്ങൾ കണ്ടെത്താൻ സാധിച്ചില്ലെങ്കിലും ഈ ആധുനിക യുഗത്തിൽ ഇത്തരം വിജ്ഞാന പ്രദമായ ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കൂട്ടുകാരുടെ സ്ഥാനത്തു വെക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ■



# സത്യസന്ധനായ കച്ചവടക്കാരൻ

ആലിയ ബിൻത് ലത്തീഫ്
വടുതല

പണ്ട്, ഒരു ഗ്രാമത്തിൽ അഹ്മദ് എന്ന് പേരുള്ള ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അഹ്മദ് തന്റെ കച്ചവടത്തിൽ സത്യസന്ധതയും വിശ്വസ്തതയും പുലർത്തിയിരുന്നു. അളവിലും തൂക്കത്തിലും ഒരിക്കലും അദ്ദേഹം കൃത്രിമം കാണിച്ചിരുന്നില്ല.

എന്നാൽ, ആ ഗ്രാമത്തിലെ മറ്റു ചില കച്ചവടക്കാർ അത്ര സത്യസന്ധരായിരുന്നില്ല. ലാഭം കൂട്ടാൻ വേണ്ടി അവർ അളവിലും തൂക്കത്തിലും കുറവ് വരുത്തിയായിരുന്നു ആളുകൾക്ക് സാധനങ്ങൾ കൊടുത്തിരുന്നത്. കച്ചവടസാധനങ്ങളുടെ ദോഷം അവർ മറച്ചുവെക്കുകയും ചെയ്യും.

ഒരു ദിവസം, അഹ്മദിന്റെ കടയിൽ സ്ഥിരമായി വരാറുള്ള ഒരു സുഹൃത്ത് അവനോട് ചോദിച്ചു: "അഹ്മദ്, നീ എന്തിനാണ് ഇത്ര സത്യസന്ധത പാലിക്കുന്നത്? നീ വളരെ കുറഞ്ഞ ലാഭത്തിലാണ് സാധനങ്ങൾ വിൽക്കുന്നത്. മറ്റുള്ളവർ കള്ളക്കച്ചവടം ചെയ്ത് വലിയ ലാഭം നേടുന്നു. കച്ചവടത്തിൽ ഇങ്ങനെ സത്യസന്ധത കാണിക്കുന്നതുകൊണ്ടല്ലേ നിനക്ക് വലിയ പണക്കാരനാകാൻ കഴിയാത്തത്?"

അഹ്മദ് പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "സഹോദരാ, എന്റെ കച്ചവടം അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടുള്ളതാണ്. ഈ ലോകത്തെ ലാഭത്തെക്കാൾ എനിക്ക് പ്രധാനം പരലോകത്തെ വിജയമാണ്. നബി(സ്വ) പറഞ്ഞിട്ടുണ്ട് 'വിശ്വസ്തനും സത്യസന്ധനുമായ വ്യാപാരി പ്രവാചകന്മാർക്കും സത്യസന്ധന്മാർക്കും ശുഹദാക്കൾക്കുമൊപ്പമായിരിക്കും' എന്ന്. എന്റെ കച്ചവടത്തിലെ സത്യസന്ധത കൊണ്ട് അല്ലാഹു എനിക്ക് ബറകത്ത് തരുന്നുണ്ട്. നാളെ പരലോകത്ത് അതിനെക്കാൾ വലിയ അനുഗ്രഹം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും അതിനായി പ്രാർഥിക്കുകയും ചെയ്യുന്നു."

അതു കേട്ട സുഹൃത്തിന് മറ്റൊന്നും പറയാനുണ്ടായിരുന്നില്ല.

ആ വർഷം ഗ്രാമത്തിൽ ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി. വീടുകൾ പലതും വെള്ളത്തിലായി. മിക്ക കടകളിലും വെള്ളം കയറി സാധനങ്ങൾ നശിച്ചുപോയി. വ്യാജ സാധനങ്ങൾ വിൽക്കുകയും കൃത്രിമം കാണിക്കുകയും ചെയ്ത മിക്ക കച്ചവടക്കാർക്കും വലിയ നഷ്ടമുണ്ടായി. എന്നാൽ അഹ്മദിന്റെ കടയെ വെള്ളപ്പൊക്കം തീരെ ബാധിച്ചില്ല. അതിനാൽ സാധനങ്ങളൊന്നും നശിച്ചില്ല.

അവശ്യ സാധനങ്ങൾ കിട്ടാനില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്ന അവസ്ഥയിൽ അഹ്മദിന്റെ കട എല്ലാവർക്കും തുണയായി. അഹ്മദ് ആ ദുരിത സമയത്തും തന്റെ കടയിലെ സാധനങ്ങൾക്ക് വില കൂട്ടിപ്പറഞ്ഞില്ല. എല്ലാവർക്കും അത്യാവശ്യമുള്ള സാധനങ്ങൾ ന്യായമായ വിലയ്ക്ക് അവൻ നൽകി. പാവങ്ങൾക്ക് വെറുതെയും നൽകി.

ദുരിതസമയത്ത് ജനങ്ങളെ സഹായിച്ചതിന് എല്ലാവരും അവനെ സ്നേഹിക്കുകയും ന്യായമായ വിലയ്ക്ക് സാധനങ്ങൾ കൊടുത്തതിന് അവനെ ആദരിക്കുകയും ചെയ്തു.

അഹ്മദിന്റെ സുഹൃത്ത് അവനോട് പറഞ്ഞു: "അഹ്മദ്, നീ പറഞ്ഞത് സത്യമാണ്. നീ സത്യസന്ധത കാണിച്ചപ്പോൾ അല്ലാഹു നിന്നെ ഈ ലോകത്തുതന്നെ സഹായിച്ചു. ജനങ്ങളുടെ സ്നേഹവും വിശ്വാസവും ആദരവും നിനക്ക് ലഭിച്ചു. പരലോകത്ത് അർഹമായ പ്രതിഫലം പടച്ചവൻ നിനക്ക് നൽകട്ടെ."



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 16 May 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-


# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

## വാദി അൽ ഹിക്മ,
മിനി ഊട്ടി, മലപ്പുറം

WISDOM
ISLAMIC ORGANIZATION

جـــامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

2026-27 ബാച്ചുകളിലെ
വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

**മഅ്ഹദുല്ലുഗ / +1,+2**

- മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ സിലബസുമായി ഏകോപിപ്പിച്ച് രൂപീകരിക്കപ്പെട്ട സിലബസ്
- വിശുദ്ധ ഖുർആൻ 4 ജുസ്അ് ഹിഫ്ദും, ഇംഗ്ലീഷ്, ഉറുദു പഠനവും ഉൾകൊള്ളുന്നു.
- +1,+2 ഹ്യുമാനിറ്റീസ്

**കുല്ലിയ്യ / Degree**

- അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന മൂന്ന് വർഷ കുല്ലിയ്യ.
- വിശുദ്ധ ഖുർആൻ 6 ജുസ്അ് ഹിഫ്ള്, ചെറു ഗ്രന്ഥങ്ങളുടെ മനഃപാഠം എന്നിവ ഉൾപ്പെടുന്നു.
- BA അറബിക് / BA ഇംഗ്ലീഷ് / etc ഡിഗ്രികൾ കൂടെ കരസ്ഥമാക്കുന്നു

APPLY ONLINE
www.jamiaalhind.com | info@jamiaalhind.com

SCAN ME!



### അപേക്ഷ ക്ഷണിച്ച കോഴ്സുകൾ

- മഅ്ഹദുല്ലുഗ (Boys & Girls)
  +1, +2 ഹ്യുമാനിറ്റീസ്
- കുല്ലിയ്യ (ഡിഗ്രി)
  കുല്ലിയ്യത്തുദ്ദഅ്‌വ
  കുല്ലിയ്യത്തുൽ ഹദീസ്
  കുല്ലിയ്യത്തുശ്ശരീഅഃ
  കുല്ലിയ്യത്തുൽ ബനാത് (Girls)
- തഖസ്സുസ് (പി.ജി.)

FOR MORE
BOYS CAMPUS : 9961 725 725
GIRLS CAMPUS : 8078 536 796

- പ്രധാന കോഴ്സുകളിലെ പഠനം, താമസം ഭക്ഷണം എന്നിവ പൂർണ്ണമായും സൗജന്യം
- PG വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻ്റ്
- ലോക പ്രശസ്ത വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് അവസരം ഒരുക്കുന്നു